بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ


വാല്യം 8

ലക്കം 29

# ബദർ
വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ജൂലായ് 20/ ഹി.ശം 1402 വഫാ 20/ ഹി:ഖ 1445 മുഹറം 01


## അല്ലാഹുവിന്റെ വചനം

اِنَّ فِیۡ خَلۡقِ السَّمٰوٰتِ وَالۡاَرۡضِ وَاخۡتِلَافِ الَّیۡلِ وَالنَّہَارِ لَاٰیٰتٍ لِّاُولِی الۡاَلۡبَابِ ﴿۱۹۱﴾

ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.
(വിശുദ്ധ ഖുർആൻ 3:191)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

### കടം കൊടുത്തയാളോട്, കടക്കാരന് അൽപം കുറച്ചു കൊടുക്കാൻ ശിപാർശ

(2405)ഹദ്റത്ത് ജാബിർ(റ)നിവേദനം. അബ്ദുല്ലാഹ് ബിൻ അംറ്(റ)(അതായത് എന്റെ പിതാവ്)മരിക്കുമ്പോൾ അദ്ദേഹത്തിന് കുറെ കടങ്ങളുണ്ടായിരുന്നു. കടങ്ങൾ വിട്ടുകൊടുക്കാൻ അദ്ദേഹത്തിന്റെ കടക്കാരെ ഉപദേശിക്കുവാൻ ഞാൻ നബി(സ)തിരുമേനിയുടെ സഹായമെടുത്തു. നബി(സ) തിരുമേനി അപ്രകാരം അവരോടു ആവശ്യപ്പെട്ടു. എന്നാൽ, അവർ അപ്രകാരം പ്രവർത്തിച്ചില്ല.നബി(സ)തിരുമേനി എന്നോടു പറഞ്ഞു:നീ പോയി നിന്റെ ഈത്തപ്പഴങ്ങളൊക്കെ ഇനം തിരിച്ചു വെക്കുക.□അജ്‌വത്ത്□വേറെ ഇനമായും അദ്ഖുബ്നുസയ്ദ് വേറെ ഇനമായും വെക്കുക. ശേഷം എന്റെയടുത്ത് ആളെ അയക്കുക. ഞാൻ അപ്രകാരം ചെയ്തു, നബി(സ)തിരുമേനിയുടെ അടുത്ത് ആളയച്ചു. നബി(സ)തിരുമേനി വന്നു. ഈത്തപ്പഴ ക്കൂമ്പാരത്തിനു മീതെ ഇരുന്നിട്ട് പറഞ്ഞു:കടക്കാർക്കു നീ അളന്നു കൊടുക്കുക. ഞാൻ അവർക്ക് കണക്കു തീർത്തു അളന്നുകൊടുത്തു. എന്നിട്ടും എന്റെ കാരക്ക ഒട്ടും കുറയാതെ അവശേഷിച്ചു.

* നിവേദകൻ ഹദ്റത്ത് ജാബിറിന്റെ പിതാവാണ് അബ്ദുല്ലാഹ് ബിൻ അംറ്.(സ്വഹീഹ് ബുഖാരി, വാല്യം 4, കിതാബുൽഇസ്തിഖ്റാള്, പ്രസാധനം 2008 ഖാദിയാൻ)

THE WEEKLY AL HAKAM

### ഈ ലക്കത്തിൽ


ജുമുഅ ഖുത്‌ബ 2023 ജൂണ് 16 (സമ്പൂർണ തർജമ)

ഹുസൂർ തിരുമനസ്സിന്റെ യൂറോപ്യൻ പര്യടനം

നമസ്കാരം രഹസ്യമായി അനുഷ്ഠിക്കുക


വിശുദ്ധ ഖുർആൻ ലോകത്തില്ലെങ്കിൽത്തന്നെയും ഏകദൈവാരാധനയായിരിക്കും നടക്കുന്നത്. നമ്മൾ പ്രകൃതിനിയമത്തിൽ ദൃഷ്ടിപായിക്കുമ്പോൾ തീർച്ചയായും സ്രഷ്ടവും ഉടമസ്ഥനും ഒന്നേയുള്ളുവെന്ന് അംഗീകരിക്കേണ്ടിവരുന്നു.അവന് പങ്കാളിയാരുമില്ല. മനസ്സും അവനെത്തന്നെയാണ് അംഗീകരിക്കുന്നത്. ശക്തിയായ തെളിവുകൾകൊണ്ടും അവനെ കുറിച്ചാണ് അറിയാൻ കഴിയുന്നത്.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളെ അതിലൊരുതരത്തിലുള്ള സംശയവുമില്ലാതിരിക്കാൻ അല്ലാഹു പല പ്രകാരത്തിലും ദൃഢഗാഢമാക്കിയിരിക്കുന്നു. അതുകൊണ്ടു ആരംഭത്തിൽത്തന്നെ പറഞ്ഞു:*ലാ റയ്ബ ഫീഹി(2:3)* ഈ ബലപ്പെടുത്തൽ പലരീതിയിലും ചെയ്യപ്പെട്ടിരിക്കുന്നു. ഒന്നാമതായി, പ്രകൃതിനിയമം കൊണ്ട് ഖുർആനികാധ്യാപനങ്ങളെ ഉറപ്പും പ്രബലതയുള്ളതുമാക്കിയിരിക്കുന്നു. എന്തൊന്നാണോ വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ടിരിക്കുന്നത് പ്രകൃതി നിയമം അതിന് പൂർണമായ സഹായം നല്കുന്നു. അതായത് എന്തൊന്നാണോ വിശുദ്ധ ഖുർആനിലുള്ളത് അതു തന്നെയാണ് *കിതാബുൻ മക്നൂനി*(ഭദ്രമായി അടച്ചു സൂക്ഷിക്കപ്പെട്ട ഗ്രന്ഥത്തി)ലുമുള്ളത്. അമ്പിയാഅ് അലയ്ഹിമുസ്സലാമിനെ പിൻപറ്റാത്തിടത്തോളം അതിന്റെ രഹസ്യം മനസ്സിലാകുകയില്ല. ഇതേ രഹസ്യമാണ് ലായമുസ്സുഹൂ ഇല്ലൽ മുത്വഹ്ഹറൂനിൽ(56:80) വെക്കപ്പെട്ടിട്ടുള്ളത്. ചുരുക്കത്തിൽ ആദ്യം ഖുർആനികാധ്യാപനങ്ങളെ പ്രകൃതി നിയമവുമായി ചേർത്ത് പ്രബലപ്പെടുത്തി. ഉദാഹരണത്തിന് വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ സ്വിഫത്ത് അഥവാ വിശേഷഗുണമായി വഹ്ദഹൂ ലാശരീക് പറഞ്ഞിരിക്കുന്നു. നമ്മൾ പ്രകൃതിനിയമത്തിൽ ദൃഷ്ടിപായിക്കുമ്പോൾ തീർച്ചയായും സ്രഷ്ടവും ഉടമസ്ഥനും ഒന്നേയുള്ളുവെന്ന് അംഗീകരിക്കേണ്ടിവരുന്നു. അവന് പങ്കാളിയാരുമില്ല. മനസ്സും അവനെത്തന്നെയാണ് അംഗീകരിക്കുന്നത്. ശക്തിയായ തെളിവുകൾകൊണ്ടും അവനെ കുറിച്ചാണ് അറിയാൻ കഴിയുന്നത്. കാരണം ലോകത്തുള്ള സകലവസ്തുക്കളും ഗോളരൂപം ഉൾക്കൊള്ളുന്നതാണ്. വെള്ളത്തുള്ളി കൈയിൽനിന്ന് കളയുകയാണെങ്കിൽ അത് ഗോളാകൃതിയുള്ളതായിരിക്കും. ഗോളാകൃതി തൗഹീദിന് അനിവാര്യമായിട്ടുള്ളതാണ്. ഇക്കാരണത്താലാണ് പാതിരിമാർക്കും ത്രിയേകത്വത്തിന്റെ അധ്യാപനം എത്താത്തിടത്ത് അവിടെ താമസിക്കുന്നവരിൽനിന്ന് ഏകദൈവാരാധനയായിരിക്കുമുണ്ടാകുകയെന്ന് സമ്മതിക്കേണ്ടി വന്നത്. പാതിരി ഫണ്ടർ തന്റെ ഗ്രന്ഥങ്ങളിൽ ഇക്കാര്യം അംഗീകരിച്ചിരിക്കുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് വിശുദ്ധ ഖുർആൻ ലോകത്തില്ലെങ്കിൽത്തന്നെയും അപ്പോഴും ഏകദൈവാരാധനയായിരിക്കും നടക്കുക എന്നാണ്. ഇതിൽനിന്ന് വിശുദ്ധ ഖുർആനിന്റെ വിവരണം ശരിയാണെന്നാണ് മനസ്സിലാകുന്നത്. എന്തുകൊണ്ടെന്നാൽ അതിന്റെ രേഖാചിത്രം മനുഷ്യപ്രകൃതിയിലും മനസ്സിലുമുണ്ട്. ശക്തിയായതെളിവുകൾകൊണ്ട് അതിനുള്ള സാക്ഷ്യം ലഭിക്കുന്നു. ഇതിന്നെതിരിൽ ഇഞ്ചീലിന്റെ ത്രിയേകത്വത്തിന്റെ രേഖാചിത്രം മനസ്സിലുമില്ല പ്രകൃതി നിയമം അതിനെ പിന്തുണയ്ക്കുന്നതുമില്ല. (മൽഫൂദാത്ത് വാല്യം 1, പേജ് 466, പ്രസാധനം 2018 ഖാദിയാൻ)

ലോകത്തെ എല്ലാ വസ്തുക്കളും കൂട്ടായ നിലയിലും ഒറ്റയൊറ്റയ്ക്കും അല്ലാഹവിന് തസ്ബീഹ് ചെയ്യുന്നു. ഇപ്രകാരം തന്നെ എല്ലാ വസ്തുവിലും അല്ലാഹുവിന്റെ സിഫത്തുകളുടെ മിന്നലാട്ടമുണ്ട്. അല്ലാഹുവിന്റെ മറച്ചുവെക്കൽ, പൊറുത്തു കൊടുക്കൽ, സൃഷ്ടിപ്പ്, ഉടമസ്ഥൻ, തുടങ്ങിയ എല്ലാ സവിശേഷ ഗുണങ്ങളും എല്ലാ ഓരോ വസ്തുക്കളിലും കാണുന്നു.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറ ബനീ ഇസ്റാഈലിലെ 45-ാമത്തെ വചനമായ തുസബ്ബിഹു ലഹുസ്സമാവാത്തു സ്സബ്ഉ വൽഅർളു വമൻഫീഹിന്ന- വഇൻമ്മിൻശയ്ഇൻ ഇല്ലാ യുസബ്ബിഹു ബിഹംദിഹീ വലാക്കിൻല്ലാ തഫ്ഖഹൂന തസ്ബീഹഹും ഇന്നഹൂ കാന ഹലീമൻ ഗഫൂറൻ(ഏഴാകാശങ്ങളും ഭൂമിയും അവയിലുള്ളവരുമെല്ലാം അവന്റെ പരിശുദ്ധിയെ പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു. അവനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കാത്ത ഒരു വസ്തുവും ഇല്ലതന്നെ. പക്ഷേ, അവയുടെ പ്രകീർത്തനങ്ങൾ നിങ്ങൾ ഗ്രഹിക്കുന്നില്ല. തീർച്ചയായും അവൻ എത്രയും സഹനശീലനും സർവഥാപൊറുക്കുന്നവനുമാകുന്നു.) ഈ ഖുർആനിക വചനത്തിൽ പറഞ്ഞിരിക്കുന്നത് ലോകത്തെ മൊത്തത്തിൽ നോക്കുകയാണെങ്കിൽ അതും അല്ലാഹു ഏകനാണെന്ന് ചൂണ്ടിക്കാണിക്കുന്നുണ്ട്. അതിലെ ഓരോ വസ്തിവുനേയും നോക്കുകയാണെങ്കിൽ അതു വെവ്വേറെയായും അല്ലാഹു ഏകനാണെന്ന് മാർഗദർശനം നല്കുന്നു. ഇൻമ്മിൻ ശയ്ഇൻ ഇല്ലാ യുസബ്ബിഹു ബിഹംദിഹീ എന്നതിൽ ഓരോരുത്തരും ദൈവസ്മരണ ചെയ്യുന്ന കാര്യമാണ്

(ശേഷം പേജ് 12 ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

മക്കയിൽനിന്ന് പുറപ്പെടുന്നതിനു മുമ്പേ ഖുറയ്ശികൾ കഅ്ബയിൽപോയി പ്രാർത്ഥിച്ചു: "അല്ലാഹുവേ! ഞങ്ങൾ ഇരുസംഘങ്ങളിൽനിന്ന് ആരാണോ സത്യത്തിൽ നിലകൊള്ളുന്നത്, നിന്റെ ദൃഷ്ടിയിൽ കൂടുതൽ ശരീഫായിട്ടുള്ളത് കൂടുതൽ ശ്രേഷ്ഠരായിട്ടുള്ളത് അവരെ സഹായിച്ചാലും. മറ്റുള്ളവരേ നിന്ദിച്ചാലും."

മക്കയിലെ അവിശ്വാസികളുടെ ബദ്ർ യുദ്ധത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പിനെ സംബന്ധിച്ച കൂടുതൽ വിശദീകരണം. ഇപ്രകാരംതന്നെ മദീനയിൽനിന്ന് ഇസ്‌ലാമിക സൈന്യത്തിന്റെ പുറപ്പെടൽ.

ഞാൻ മുഹമ്മദിൽനിന്ന് കേട്ടിട്ടുണ്ട്, അവിടന്ന്(സ)പറയാറുണ്ടായിരുന്നു, അദ്ദേഹം താങ്കളെ (ഉമയ്യ ബിൻ ഖലഫിനെ)വധിക്കുന്നവനാണെന്ന്!

തുടക്കത്തിൽ മക്കക്കാരുടെ സൈന്യത്തിലെ അംഗസംഖ്യ 1300 ആയിരുന്നു. പക്ഷേ, ബനൂസുഹ്റയിലേയും ബനൂഅദിയ്യുടേയും ആളുകൾ വഴിയിൽവെച്ച് ഈ സൈന്യത്തിൽനിന്ന് വേർപെട്ടുപോയി. ഇപ്രകാരം ഖുറയ്ശിലെ സൈന്യത്തിന്റെ എണ്ണം 950 അല്ലെങ്കിൽ ഒരു നിവേദനമനുസരിച്ച് ആയിരമായി അവശേഷിച്ചു.
കൂടുതൽ നിവേദനങ്ങളിലും മുസ്‌ലിമീങ്ങളുടെ അംഗസംഖ്യ 313 എന്നാണ് വിവരിച്ചിട്ടുള്ളത്.

"അല്ലാഹുവേ ഇവർ നഗ്നപാദരാണ്. ഇവർക്ക് യാത്രാവാഹനങ്ങൾ നൽകിയാലും. ഇവർ നഗ്നശരീരരാണ്. ഇവർക്ക് വസ്ത്രം നല്കിയാലും. ഇവർ വിശപ്പുള്ളവരാണ്. ഇവരുടെ വയർ നിറച്ചാലും. ഇവർ ദരിദ്രരാണ്. ഇവരെ നിന്റെ ഫള്ലുകൊണ്ട് സമ്പന്നരാക്കിയാലും. ഈ ദുആ സ്വീകരിക്കപ്പെട്ടു. ബദ്ർ യുദ്ധത്തിൽനിന്ന് തിരിച്ചുവരുന്നവരിൽ വാഹനപുറത്തുവരാനാഗ്രഹിക്കുന്നവരിൽ ആർക്കുംതന്നെ അവർക്ക് യാത്രചെയ്യാൻ പറ്റിയ ഒട്ടകം കിട്ടാതിരുന്നില്ല. വസ്ത്രങ്ങൾ ഇല്ലാത്തവർക്ക് വസ്ത്രങ്ങൾ കിട്ടി. ഭക്ഷണപദാർഥങ്ങളാണെങ്കിൽ വയറുനിറയെ കിട്ടി. ഇപ്രകാരം യുദ്ധതടവുകാരുടെ മോചനത്തിന് എത്രമാത്രം നഷ്ടപരിഹാരം കിട്ടിയെന്നാൽ എല്ലാ കുടുംബവും സമ്പന്നരായി."

ശെയ്ഖ് ഗുലാം റഹ്മാനി സാഹിബ് യു.കെ.(ജനാസ ഹാജർ), ഖാജ ദാഊദ് അഹ്മദ് സാഹിബ്, സയ്യിദ് തൻവീർ ശാഹ് സാഹിബ്, മുറബ്ബി റാണാ മുഹമ്മദു സഫ്റുല്ലാഹ് സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ നമസ്കാരവും.

**ഖുത്ബ ജുമുഅ 2023 ജൂൺ 16/1402 ഇഹ്സാൻ 16**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ് യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

മക്കയിലെ അവിശ്വാസികൾ യുദ്ധത്തിന് തയ്യാറെടുപ്പു നടത്തിയതിനെ കുറിച്ചുള്ള കുറച്ച കാര്യങ്ങൾ വിവരിച്ചുകഴിഞ്ഞു. ഇതുസംബന്ധമായ കൂടുതൽ വിശദീകരണം ഇപ്രകാരമാണ്. ഒരാളായിരുന്നു ഉമയ്യബിൻ ഖലഫ്. രണ്ടാമത്തെയാളായിരുന്നു അബൂലഹ്ബ്. ഈ തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുമ്പോൾ അവർ യുദ്ധത്തിനു പോകുന്നത് താമസിപ്പിച്ചു. അതിന്റെ വിശദീകരണത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: ഖുറയ്ശി നേതാവ് ആ യുദ്ധത്തിൽ പങ്കെടുക്കാൻ എല്ലാവരേയും കൊണ്ടുപോകാനാവശ്യപ്പെടുകയായിരുന്നു. പക്ഷേ, ഉമയ്യബിൻ ഖലഫ് യുദ്ധത്തിന് പോകുന്നതിൽനിന്ന് പിന്നാക്കം പോയി. ഉമയ്യായുടെ അടുത്ത് മക്കയിലെ ഒരു നേതാവ് ഉഖ്ബ ബിൻ അബൂ മുയീത്ത് വന്നു. അയാളുടെ അടുത്ത് അത്തർപെട്ടിയും സുഗന്ധധൂമവും വെച്ചിട്ടു പറഞ്ഞു: "അബൂ അഅ്ലാ! നിങ്ങൾ ഈ സ്ത്രീകൾക്കുള്ള സുഗന്ധത്തിന്റെ ധോനീ എടുത്തുകൊള്ളുക. കാരണം നിങ്ങളും സ്ത്രീകളിൽനിന്നുള്ളവനാണ്. നിങ്ങൾക്ക് യുദ്ധവുമായിട്ടെന്തു ബന്ധം?" (സുബൂലുൽഹുദാ വൻറശാദ്, ഭാഗം 4, പേജ് 22, ദാറുൽ കുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1993)
മറ്റൊരു നിവേദനമനുസരിച്ച് ഉമയ്യായുടെ അടുത്ത് അബൂജഹ്ൽ വന്നു. അയാളോടു പറഞ്ഞു: "നിങ്ങൾ മക്കയിലും നേതാക്കന്മാരിലും ആദരണീയ ആളുകളിലുംപെട്ട ഒരാളാണ്. ആളുകൾ താങ്കളെ യുദ്ധത്തിൽനിന്ന് പിന്നാക്കം പോകുന്നതായി കണ്ടാൽ അവരും പോകുകയില്ല. അതുകൊണ്ട് ഞങ്ങളോടൊപ്പം വന്നേപറ്റൂ. കുറഞ്ഞ പക്ഷം ഒന്നുരണ്ടു ദിവസം ദൂരവരെയെങ്കിലും വരിക. അതിനുശേഷം മടങ്ങിപ്പോരുക." യഥാർത്ഥത്തിൽ ഉമയ്യ യുദ്ധത്തിനു പോകാൻ ഭയപ്പെട്ടിരുന്നത്, അയാൾ വധിക്കപ്പെടുമെന്നതിനെ കുറിച്ച് നബി(സ)തിരുമേനി പ്രവചനം ചെയ്തിരുന്നു. അതയാൾക്കറിയാമായിരുന്നു. ബുഖാരിയിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) നിവേദനം. 'ഹദ്റത്ത് സഅ്ദ്ബിൻ മുആദ്(റ) ഉംറ ചെയ്യുക എന്ന നിയ്യത്തോടെ പോയി. അദ്ദേഹം ഉമയ്യ ബിൻ ഖലഫിന്റെ അടുത്ത് ഇറങ്ങി. അവർ തമ്മിൽ പണ്ടുമുതലേ അറിയുന്നവരായിരുന്നു. മദീനയിലൂടെ കടന്നശാമിലേക്ക് പോകുമ്പോൾ ഉമയ്യ, ഹദ്റത്ത് സഅ്ദിന്റെ അടുത്ത് താമസിക്കുക പതിവായിരുന്നു. ഹദ്റത്ത് സഅ്ദിനോടു ഉംറ ചെയ്യാൻ ആഗ്രഹിച്ചത് ഉമയ്യ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു, 'അൽപം കാത്തിരിക്കുക. ഉച്ചയാകുമ്പോൾ ആളുകൾ അശ്രദ്ധരാകുന്ന നേരത്ത് പോയി ത്വവാഫ് ചെയ്തു കൊള്ളുക.' മുസ്‌ലിമീങ്ങളുടെ എതിർപ്പുകാരണത്താൽ ഈ ജാഗ്രത പാലിച്ചതാണ്. ഉച്ചയായപ്പോൾ ഹദ്റത്ത് സഅ്ദ്(റ) ത്വവാഫ് ആരംഭിച്ചു. അങ്ങനെ ത്വവാഫു ചെയ്തുകൊണ്ടിരിക്കുമ്പോൾ എന്താണ് കാണുന്നത്? അവിടെ അബൂജഹ്‌ലുണ്ട്. അയാൾ ചോദിച്ചു. 'ആരാണ് ഈ ത്വവാഫ് ചെയ്യുന്നത്?'ഹദ്റത്ത് സഅ്ദ് പറഞ്ഞു, 'ഞാൻ സഅ്ദാണ്.' അബൂ ജഹ്ൽ പറഞ്ഞു: താങ്കൾ കഅ്ബ ദേവാലയത്തിന്റെ ത്വവാഫ് സമാധാനത്തോടെ ചെയ്യുമോ? വാസ്തവത്തിൽ താങ്കൾ മുഹമ്മദിനും(സ) അയാളുടെ കൂട്ടുകാർക്കും അഭയം നൽകിയവനാണ്.' ഹദ്റത്ത് സഅ്ദ്(റ) പറഞ്ഞു, 'അതേ!' അപ്പോൾ അവരിരുവരും പരസ്പരം അതുമിതും പറഞ്ഞു. അതായത് അബൂജഹ്ൽ അദ്ദേഹത്തെ വെല്ലുവിളിച്ചു. തങ്കളെങ്ങനെയാണ് ത്വവാഫ് ചെയ്യുക. താങ്കൾ മുഹമ്മദ്(സ)ന് അഭയം നല്കുന്നവരിൽപെട്ടയാളല്ലേ? എന്തായാലും സഅ്ദ് പറഞ്ഞു. അതേ ഞാൻ അഭയം നല്കിയിരിക്കുന്നു. ഞാൻ ത്വവാഫും ചെയ്യും. പരസ്പരം അതുംഇതും പറയാനും തുടങ്ങി. ഉമയ്യ ഹദ്റത്ത് സഅ്ദിനോട് പറഞ്ഞു, 'സഅ്ദേ! അബുൽഹിക്കമിനെക്കാൾ (ഇത് അബൂജഹ്‌ലിന്റെ സംജ്ഞാനാമമാണ്) ഉച്ചത്തിൽ സംസാരിക്കേണ്ട. കാരണം അയാൾ താഴ്‌വരക്കാരുടെ സർദാറാണ്.' ഹദ്റത്ത് സഅ്ദ് പറഞ്ഞു: 'അല്ലാഹുവാണ! ബയ്ത്തുല്ലായെ ത്വവാഫ് ചെയ്യുന്നതിൽനിന്ന് നീ എന്നെ തടഞ്ഞാൽ, ഞാൻ അതിനെക്കാൾ കഠിനമായ തടസ്സമുണ്ടാക്കുന്നതായിരിക്കും. അതെ ന്താണെന്നാൽ, മദീനയിലൂടെ കടന്നുപോകുന്ന നിങ്ങളുടെ കച്ചവട സംഘത്തെ അതായത് ശാമിലേക്കുള്ള കച്ചവടസംഘത്തിന്റെ വഴി അടക്കുന്നതായിരിക്കും.' ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് പറയുന്നു: 'ഹദ്റത്ത് സഅ്ദിനോടു ഉമയ്യ ഇതുതന്നെ പറഞ്ഞുകൊ

ണ്ടിരുന്നു; അതായത് താങ്കളുടെ ശബ്ദം ഉയർത്തരുതെന്ന്! സഅ്ദിനെ തടഞ്ഞുകൊണ്ടിരുന്നു. ഹദ്റത്ത് സഅ്ദ് ദ്വേഷത്തോടെ ഉമയ്യായോടു പറഞ്ഞു: 'എന്നെ താങ്കൾ വിലക്കുക. അവനെ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യാതിരിക്കുക.' അതായത് അബൂജഹ്‌ലിനെ പിന്തുണയ്ക്കാതിരിക്കുക.

'ഞാൻ മുഹമ്മദ്(സ)ൽനിന്ന് അവർ താങ്കളെ വധിക്കുന്നവരാണെന്ന് പറയുന്നത്' കേട്ടിട്ടുണ്ട്. അതായത് നിന്നെ വധിക്കുമെന്ന് നബി(സ)തിരുമേനി പ്രവചനം ചെയ്തിട്ടുണ്ട്. മറ്റൊരു നിവേദനത്തിലുണ്ട് അതായത് അക്കൂട്ടർ അതായത് മുഹമ്മദ്(സ)ന്റെ കൂട്ടുകാർ നിന്നെ വധിക്കുന്നതായിരിക്കും. ഉമയ്യ ചോദിച്ചു, എന്നെ വധിക്കുമെന്നോ? ഹദ്റത്ത് സഅ്ദ് പറഞ്ഞു: അതെ, നിന്നെ തന്നെ. പിന്നീട് ഉമയ്യ പറഞ്ഞു. മക്കയിലാണോ? സഅ്ദ് പറഞ്ഞു: ഇതെനിക്കറിയില്ല. ഇതുകേട്ട് ഉമയ്യ പറഞ്ഞു: 'അല്ലാഹുവാണ! മുഹമ്മദ്(സ) ഒരു കാര്യം പറയുമ്പോൾ കളവായ കാര്യം പറയുകയില്ല.' പിന്നീട് അയാൾ തന്റെ ഭാര്യയുടെ അടുത്ത് മടങ്ങിയെത്തി. എന്റെ യഥ്‌രിബ് സഹോദരനെന്താണ് എന്നോട് പറഞ്ഞതെന്ന് നിനക്കറിയുമോ? അവർ ചോദിച്ചു, എന്താണ് പറഞ്ഞത്? ഉമയ്യ പറഞ്ഞു, അയാൾ മുഹമ്മദ്(സ)ൽനിന്ന് കേട്ടു, അദ്ദേഹം പറയുന്നു. മുഹമ്മദ് എന്നെ വധിക്കാൻ പോകുകയാണെന്ന്! അയാളുടെ ഭാര്യ പറഞ്ഞു. 'അല്ലാഹുവാണ! മുഹമ്മദ്(സ) കളവായ കാര്യം പറയാറില്ല.' ഈ പ്രവചനം കേട്ടാണ് ഉമയ്യ ഭയന്നത്; മുസ്‌ലിമീങ്ങളോട് യുദ്ധം ചെയ്യാൻ പോകാൻ ആഗ്രഹിക്കാതിരുന്നത്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) പറയുന്നു: 'അയാൾ ബദ്റിന്റെ ഭാഗത്തേക്ക് പോകുകയും സഹായം തേടി വിലപിക്കുയും ചെയ്തപ്പോൾ ഉമയ്യായുടെ ഭാര്യ അയാളോട് പറഞ്ഞു: 'നിങ്ങളുടെ യഥ്‌രിബുകാരനായ സഹോദരൻ നിങ്ങളോട് പറഞ്ഞ കാര്യം ഓർമ്മയില്ലേ?' അതുകൊണ്ട് പോകണ്ടാന്ന് അയാൾ ആഗ്രഹിച്ചതാണ്. എന്നാൽ, അബൂജഹ്‌ൽ അയാളോട് പറഞ്ഞു, 'താങ്കൾ ഈ താഴ്‌വരയിലെ നേതാക്കന്മാരിൽപെട്ടയാളാണ് അതുകൊണ്ട് ഒന്ന് രണ്ട് ദിവസത്തേക്കെങ്കിലും ഞങ്ങളുടെ കൂടെ വരിക. അങ്ങനെയാണ് അയാൾ അവരോടൊപ്പം രണ്ട് ദിവസത്തേക്ക് ഇറങ്ങിപുറപ്പെട്ടത്. അല്ലാഹു അയാളെ കൊല്ലിച്ചു. (സ്വഹീഹുൽ ബുഖാരി, കിതാബുൽ മനാഖിബ്, ബാബു അലാമാത്തുന്നുബുവ്വത്തി ഫിൽ ഇസ്‌ലാം, ഹദീഥ് 3632. സ്വഹീഹ് ബുഖാരി, കിതാബുൽ മ ഗാസി, ബാബു ദിക്റുന്നബിയ്യി(സ)മൻയുഖ്തുലു ബിബദ്റിൻ ഹദീഥ് 3950)

ചില ചരിത്രകാരന്മാർ ഇങ്ങനെയൊക്കെയുള്ള കാര്യങ്ങളും ഉയർത്തിയിട്ടുണ്ട്. അതായത് നബി(സ) തിരുമേനി അവനെ വധിക്കുന്നതായിരിക്കുമെന്ന് പറഞ്ഞിരുന്നു. നബി(സ)തിരുമേനി അവനെ അപ്പോൾ കൊന്നിരുന്നില്ല. വിശദീകരിക്കുന്നവർ പറയുന്നത് അയാളുടെ വധത്തിന് നബി(സ)തിരുമേനി കാരണക്കാരനാകുമെന്നാണ്. നബി(സ) തിരുമേനി ഉമയ്യ ബിൻ ഖലഫിന്റെ സഹോദരനായ ഉബയ്യ് ബിൻ ഖലഫിനെയല്ലാതെ മറ്റാരേയും വധിച്ചിട്ടില്ല. അയാളെ ഉഹുദ് യുദ്ധത്തിലാണ് നബി(സ)തിരുമേനി വധിച്ചത്. തുടർന്ന് വിശദീകരിക്കുന്നയാൾതന്നെ പറയുന്നു: 'മുമ്പേ പറഞ്ഞുകഴിഞ്ഞതുപോലെ ഹദ്റത്ത് സഅ്ദ്(റ) ഉമയ്യായോടു, മുഹമ്മദ്(സ)ന്റെ കൂട്ടുകാരൻ താങ്കളെ വധിക്കുമെന്ന് പറഞ്ഞുവോ? അവിടന്ന് അവിടത്തെ കൂട്ടുകാരനെ വധിക്കുന്നതായിരിക്കുമെന്ന് നിവേദനത്തിൽ വന്നിട്ടുണ്ട്. (ഗസ്‌വാത്തുന്നബി(സ) കർത്താവ് അല്ലാമ അലി ബിൻ ബുർഹാനുദ്ദീൻ ഹൽബി, മുത്തർറജ്ജിം, പേജ് 70, ദാറുൽ ഇശാഅത്ത് കറാച്ചി, 2001) എന്തായാലും ഈ വധം നടന്നു. ഇനി അതിൽ ആരാണ് വധിച്ചതെന്നതിനെ സംബന്ധിച്ച് ചർച്ചയുടെ ആവശ്യമില്ല. ഇത് പ്രവചനമായിരുന്നു. അത് പൂർത്തിയായി)

ഇപ്രകാരം അബൂലഹബും യുദ്ധത്തിന് പോകുന്നതിൽ ഭയന്നിരുന്നു. അയാൾ തന്റെ സ്ഥാനത്ത് മറ്റൊരാളെ അയച്ചിരുന്നു. നേരിട്ട് യുദ്ധത്തിന് പോയിരുന്നില്ല. അയാൾ യുദ്ധത്തിന് പോകാതിരുന്നതിന് കാരണം ആത്തിക്കബിൻത് അബ്ദുൽ മുത്വലിബിന്റെ സ്വപ്നമായിരുന്നു. അയാൾ പറയാറുണ്ടായിരുന്നു, ആത്തിക്കായുടെ സ്വപ്നം എങ്ങനെയുള്ളതാണെന്നാൽ, ഏതെങ്കിലും വസ്തു കൈയിൽനിന്ന് മേടിച്ചതുപോലെയാണ്. അതായത് ദൃഢഗാഢമായ കാര്യമാണ്! (സുബുലുൽഹുദാ വർറശാദ് ഭാഗം 4, പേജ് 21, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്, 1993)

ഹദ്റത്ത മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇതിന്റെ വിശദീകരണത്തിൽ എഴുതുന്നു: "വെറും രണ്ടുപേരാണ് ഈ യുദ്ധനടപടിയിൽ പങ്കെടുക്കുന്നിൽനിന്ന് അറച്ചുനിന്നത്. അവർ അബൂലഹബും ഉമയ്യബിൻ ഖലഫുമായിരുന്നു. എന്നാൽ, അവർ സംശയിച്ചുനിന്നതിന്റെ കാരണം മുസ്‌ലിമീങ്ങളോടുള്ള സ്നേഹമല്ലായിരുന്നു. പ്രത്യുത അബൂലഹബ് തന്റെ സഹോദരി ആത്തിക്ക ബിൻത് അബ്ദുൽമുത്വലിബ് കണ്ട സ്വപ്നം അറിഞ്ഞ് ഭയന്നതായിരുന്നു. അത് അവർ ളംളമിന്റെ വരവിന് വെറും മൂന്ന് ദിവസം മുമ്പേ ഖുറയ്ശികളുടെ നാശത്തെ സംബന്ധിച്ച് കണ്ടിരുന്നതാണ്. ഉമയ്യ ബിൻ ഖലഫ് ഈ പ്രവചനം കാരണത്താൽ ഭയപ്പെട്ടിരുന്നു; അത് നബി(സ) തിരുമേനി അയാൾ വധിക്കപ്പെടുമെന്നതിനെ സംബന്ധിച്ച് ചെയ്തിരുന്നതാണ്. അയാൾക്ക് സഅ്ദ് ബിൻ മുആദ് മുഖേന മക്കയിൽവെച്ച് ആ വിവരം കിട്ടിയിരുന്നു. പക്ഷേ, ഈ പേരുകേട്ട രണ്ടു നേതാക്കന്മാർ പിന്നിൽ നിൽക്കുന്ന കാരണത്താൽ സാധാരണ അവിശ്വാസികളുടെമേൽ അത് ദുസ്സ്വാധീനമുണ്ടാക്കുമോ എന്ന ആശങ്കയുണ്ടായിരുന്നു. അതുകൊണ്ട് മറ്റു ഖുറയ്ശി നേതാക്കന്മാർ ആവേശവും അഭിമാനവും പറഞ്ഞ് പറഞ്ഞ് അവസാനം ആ ഇരുവരേയും തൽപരരാക്കി. അതായത് ഉമയ്യ സ്വയം തയ്യാറായി. അബൂലഹബ് മറ്റൊരാൾക്ക് ഒരുപാട് പണം നല്കി തന്റെ സ്ഥാനത്ത് നിറുത്തി. ഇപ്രകാരം മൂന്ന് ദിവസത്തെ തയ്യാറെടുപ്പിനുശേഷം ആയിരത്തിനുമേൽ സാഹസികരായ പട്ടാളക്കാരുടെ സൈന്യം മക്കയിൽനിന്ന് പുറപ്പെടാൻ തയ്യാറായി. ഇപ്പോൾ ഈ സൈന്യം മക്കയിൽ തന്നെയുണ്ടായിരുന്നു. ചില ഖുറയ്ശി നേതാക്കന്മാർക്ക്, ബനൂകിനാനയുടെ ശാഖയായ ബനു ബക്റുമായുള്ള മക്കക്കാരുടെ ബന്ധങ്ങൾ മോശമാണെന്നുള്ള ചിന്തയുണ്ടായി. അവരുടെ അസാന്നിദ്ധ്യം പ്രയോജനപ്പെടുത്തി അവർ അവരുടെ പിന്നിൽനിന്ന് മക്കയുടെമേൽ ആക്രമണം നടത്തുമോ? ഈ ചിന്ത കാരണത്താൽ ചില ഖുറയ്ശികളുടെ കാലിടറാൻ തുടങ്ങി. എന്നാൽ, ബനൂകിനാനയുടെ ഒരു നേതാവ് സുറാഖ ബിൻ മാലിക് ബിൻ ജഅ്ഥം -അയാൾ അപ്പോൾ മക്കയിലാണുണ്ടായിരുന്നത്- അവരെ സമാധാനപ്പെടുത്തുകയും ഇങ്ങനെ പറയുകയും ചെയ്തു. ഞാൻ ഇക്കാര്യത്തിന് ജാമ്യക്കാരനാണ്. മക്കയുടെമേൽ ആരും ആക്രമിക്കുകയില്ല. എന്നല്ല, സുറാഖയിൽ മുസ്‌ലിമീങ്ങളോടുള്ള എതിർപ്പിനെ സംബന്ധിച്ച് എങ്ങനെ പ്രകോപനമുണ്ടാക്കിയെന്നാൽ ഖുറയ്ശികളെ സഹായിച്ചുകൊണ്ട് അയാൾത്തന്നെയും ബദ്ർവരെ പോയി. പക്ഷേ, അവിടെ മുസ്‌ലിമീങ്ങളെ കണ്ട് അയാളിൽ എങ്ങനെയുള്ള ഭയമുണ്ടായെന്നാൽ യുദ്ധത്തിനു മുമ്പേതന്നെ തന്റെ കൂട്ടുകാരെ ഉപേക്ഷിച്ച് ഓടിപ്പോന്നു.

മക്കയിൽനിന്ന് പുറപ്പെടുന്നതിനു മുമ്പേ ഖുറയ്ശികൾ കഅ്ബയിൽപോയി പ്രാർത്ഥിച്ചു: "അല്ലാഹുവേ! ഞങ്ങൾ ഇരു സംഘങ്ങളിൽനിന്ന് ആരാണോ സത്യത്തിൽ നിലകൊള്ളുന്നത്, നിന്റെ ദൃഷ്ടിയിൽ കൂടുതൽ ശരീഫായിട്ടുള്ളത്, കൂടുതൽ ശ്രേഷ്ഠരായിട്ടുള്ളത് അവരെ സഹായിച്ചാലും. ഇതരരേ നിന്ദിച്ചാലും."

ഇതിനുശേഷം അവിശ്വാസികളുടെ സൈന്യം അത്യാവേശത്തോടെ മക്കയിൽനിന്നു പുറപ്പെട്ടു. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ, പേജ് 350-351) തങ്ങളുടെ നാശത്തിന് അവർതന്നെ ദുആചെയ്തു. തുടക്കത്തിൽ മക്കക്കാരുടെ സൈന്യത്തിലെ അംഗസംഖ്യ 1300 ആയിരുന്നു. (അർറഹീഖുൽ മഖ്ത്തൂം, പേജ് 281, മക്തബത്തുൽ സ്സലഫിയ ലാഹോർ, 2000)

ഇതാണ് കിട്ടുന്ന വിവരം. പക്ഷേ, ബനൂസുഹ്റയിലേയും ബനൂ അദിയ്യുടേയും ആളുകൾ വഴിയിൽ വെച്ച് ഈ സൈന്യത്തിൽനിന്ന് വേർപെട്ടുപോയി. ഇപ്രകാരം ഖുറയ്ശിലെ സൈന്യത്തിന്റെ എണ്ണം 950 അല്ലെങ്കിൽ ഒരു നിവേദനമനുസരിച്ച് ആയിരമായി അവശേഷിച്ചു. ഇതിനുശേഷം അവരുടെ കൈയിൽ നൂറോ, ചിലരുടെ അഭിപ്രായത്തിൽ 200 കുതിരകളും 700 ഒട്ടകങ്ങളും 600 ഇരുമ്പ് ചട്ടകളും മറ്റു യുദ്ധസാമഗ്രികളും ഉദാഹരണത്തിന് കുന്തങ്ങളും വാളുകളും അമ്പുകൾ, വില്ലുകൾ തുടങ്ങിയവയും ഒരുപാടുണ്ടായിരുന്നു. (അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നി കഥീർ, പേജ് 248-249 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2005) (സീറത്തുഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ. പേജ് 352)

ഖുറയ്ശീ നേതാക്കളുടെ നാശത്തെ സംബന്ധിച്ച് ജുഹയിം ബിൻ സ്വലത്തിന്റെ സ്വപ്നമുണ്ട്. അതിനെക്കുറിച്ച് രേഖ കിട്ടുന്നുണ്ട്. ഖുറയ്ശികൾ മക്കയിൽനിന്ന് പുറപ്പെട്ടു. ജുഹ്ഫയിൽ തങ്ങി. ജുഹ്ഫ മക്കയിൽനിന്ന് മദീനഭാഗത്തേക്കുള്ള വഴിയിൽ ഏകദേശം 82 മൈൽ ദൂരത്താണുള്ളത്. ജുഹയിം ബിൻ സ്വലത്ത് താനിങ്ങനെ സ്വപ്നം കണ്ടുവെന്ന് ആളുകളോട് പറഞ്ഞു. കുതിരപ്പുറത്ത് യാത്ര ചെയ്ത് ഒരാൾ വന്നു. ഒരു ഒട്ടകവും അയാളോടൊപ്പമുണ്ട്. അയാൾ ഉത്ബ ബിൻ റബീഅ് വധിക്കപ്പെട്ടു, ശെയ്ബ ബിൻ റബീഅ് വധിക്കപ്പെട്ടു. അബുൽഹിക്കം ബിൻ ഹിശാം അതായത് അബൂ ജഹ്‌ൽ വധിക്കപ്പെട്ടു. ഉമയ്യ ബിൻ ഖലഫ് വധിക്കപ്പെട്ടു. പിന്നീട് ഇന്നയിന്നവർ വധിക്കപ്പെട്ടു എന്ന് പറയുന്നു. ഖുറയ്ശീ നേതാക്കന്മാരിൽനിന്ന് പിന്നീട് ബദ്റിൽ മരിച്ചവരുടെയെല്ലാവരുടേയും പേര് പറഞ്ഞു. തുടർന്ന് വന്നയാൾ തന്റെ ഒട്ടകത്തിന്റെ കഴുത്തിൽ കുന്തം കൊണ്ട് കുത്തി നമ്മുടെ സൈന്യത്തിലേക്ക് വിട്ടു. നമ്മുടെ സൈന്യത്തിന്റെ ഒരു കൂടാരത്തിലും ആ ഒട്ടകത്തിന്റെ ചോര പതിയാതിരുന്നില്ല. ഈ സ്വപ്നം അബൂജഹ്‌ൽ കേട്ടപ്പോൾ പരിഹാസത്തോടും ദ്വേഷത്തോടും പറഞ്ഞു,'ബനൂ മുത്വലബിൽനിന്ന് മറ്റൊരു നബി ജന്മംകൊണ്ടിരിക്കുന്നു. നാളെ യുദ്ധത്തിൽ ആരാണ് വധിക്കപ്പെടുന്നതെന്ന് നമുക്ക് നല്ലവണ്ണം അറിയാം.' (അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നി ഹിശാം, പേജ് 422-423, ദിക്റു റുഅ്യാ, ആത്തിക്കബിൻത് അബ്ദുൽ മുത്വലിബ്, ദാറുൽ കതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)

എന്തായാലും അബൂസുഫിയാൻ വഴിമാറി ഓടിപ്പോയിരുന്നു. അയാൾ അബൂജഹ്‌ലിന് യുദ്ധം ചെയ്യേണ്ട ആവശ്യമില്ലെന്നും തിരിച്ചുവരികയെന്നും പറഞ്ഞ് സന്ദേശമയച്ചു. കഴിഞ്ഞപ്രാവശ്യവും വിവരിച്ചുകഴിഞ്ഞതുപോലെ അബൂ സുഫിയാൻ സൂക്ഷ്മതയോടെ ഖാഫിലയുടെ മുമ്പിൽചെന്ന് വെള്ളത്തിന്റെ അടുത്ത് തങ്ങി. അവിടെ ആരോടോ ചോദിച്ചു, നീ ആരെങ്കിലും വരുന്നതും പോകുന്നതും കണ്ടുവോ? അയാൾ പറഞ്ഞു, ഞാൻ സാധാ

രണയിൽനിന്ന് വിരുദ്ധമായി ആരേയും കണ്ടില്ല. ഞാൻ രണ്ട് യാത്രക്കാരെ കണ്ടു. അവർ തങ്ങളുടെ ഒട്ടകത്തെ മൺകൂനയിലിരുത്തി. തങ്ങളുടെ തുകൽപാത്രത്തിൽ വെള്ളം നിറച്ചുപോയി. അവർ ഒട്ടകത്തെ ഇരുത്തിയസ്ഥലത്ത് അബൂ സുഫിയാൻ വന്നു. അവരുടെ ഒട്ടകത്തിന്റെ ചാണകങ്ങൾ എടുത്തുപൊട്ടിച്ചു. അവയിൽ ഈന്തപ്പഴത്തിന്റെ കുരുക്കൾ ഉണ്ടായിരുന്നു. ഇതുകണ്ടുകൊണ്ട് പറഞ്ഞു. ഇത് യഥ്രിബുകാരുടെ തീറ്റയാണ്. വേഗം തന്റെ കൂട്ടുകാരുടെ അടുത്തേക്കോടി തന്റെ ഒട്ടകങ്ങളുടെ മുഖത്ത് അടിച്ചുകൊണ്ട് അവയെ വഴിയിൽനിന്ന് തിരിച്ച് കടൽത്തീരത്തേക്കു പോയി. ബദ്റിനെ തന്റെ വലതുഭാഗത്ത് ഉപേക്ഷിച്ച് വേഗം പുറപ്പെട്ടുപോയി. (അസ്സീറത്തു നബ്വിയ്യ ലിഇബ്നുഹിശാം, പേജ് 422. ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)

ഇത് ഞാൻ കഴിഞ്ഞ ഖുത്ബയിൽ മുമ്പേ വിവരിച്ചുകഴിഞ്ഞതാണ്. എന്തായാലും അബുസുഫിയാന്, തന്റെ കച്ചവടസംഘത്തെ താൻ സുരക്ഷിതമാക്കിയെന്ന് ഉറപ്പായപ്പോൾ, അയാൾ ഖുറയ്ശികൾക്ക് സന്ദേശമയച്ചു, നിങ്ങൾ നിങ്ങളുടെ മാത്രം കച്ചവടസംഘത്തിലെ ആളുകളേയും സമ്പത്തിനേയും രക്ഷിക്കുന്നതിനുവേണ്ടിയാണ് ഇറങ്ങിപ്പുറപ്പെട്ടത്. അല്ലാഹു അതു രക്ഷിച്ചു. അതുകൊണ്ട് നിങ്ങൾ തിരിച്ചുപോകുക. പക്ഷേ, അബുസുഫിയാനിന്റെ സന്ദേശംകേട്ട് അബൂ ജഹ്ൽ പറഞ്ഞു: 'അല്ലാഹുവാണ! ഞങ്ങളൊരിക്കലും മടങ്ങിപ്പോകുകയില്ല; എത്രത്തോളമെന്നാൽ ഞങ്ങൾ ബദ്റിന്റെ സ്ഥലംവരെ എത്തുന്നതായിരിക്കും.' അറബികൾ സംഘടിപ്പിക്കുന്ന മേളകളിൽ ഒരു മേള നടക്കുന്ന സ്ഥലം കൂടിയാണ് ബദ്ർ. അവിടെ അവർക്കുവേണ്ടി എല്ലാ വർഷവും ചന്ത സംഘടിപ്പിക്കുമായിരുന്നു.

അയാൾ പറഞ്ഞു: "നമ്മൾ അവിടെ മൂന്നുദിവസം താമസിക്കുന്നതായിരിക്കും. ഒട്ടകത്തെ അറുക്കുന്നതായിരിക്കും. ഭക്ഷണം നല്കുന്നതായിരിക്കും. മദ്യം കുടിക്കുന്നതായിരിക്കും. നമ്മുടെ സേവകമാർ നമ്മുടെ മുമ്പിൽ പാടുന്നതായിരിക്കും. എല്ലാ അറേബ്യക്കാരും നമ്മളെ സംബന്ധിച്ചും നമ്മുടെ യാത്രയെ സംബന്ധിച്ചും നമ്മുടെ സൈന്യത്തെ സംബന്ധിച്ചും കേൾക്കുന്നതാണ്. പിന്നീട് അവർ എന്നെന്നും നമ്മെ ഭയപ്പെട്ടുകൊണ്ടിരിക്കുന്നതായിരിക്കും. അതുകൊണ്ട് മുന്നോട്ടുപോകുക." (അസ്സീറത്തുന്നബ്വിയ്യ ലിഇബ്നിഹിശാം പേജ് 423, ദാറുൽ കുതുബുൽഇൽമിയ്യ 2001)

ഒരു ഭയം ഉണ്ടാക്കുന്നതിനുവേണ്ടി അയാൾ പറഞ്ഞു: "നമ്മൾ അവിടെ യുദ്ധസൈന്യത്തേയും കൊണ്ടുപോകുകതന്നെ ചെയ്യും." അവരോടൊപ്പം ബനൂസുഹ്റ ഗോത്രക്കാരുമുണ്ടായിരുന്നു. ഇതുസംബന്ധമായി എഴുതിയിരിക്കുന്നു. അവർ തിരിച്ചുവരാൻ തീരുമാനിച്ചു. അബൂ സുഫിയാൻ ഈ സന്ദേശം കിട്ടിയപ്പോൾ ബനൂ സുഹ്റായുടെ സഖ്യകക്ഷിയായിരുന്ന അഖ്നസ് ബിൻ ശരീഖിനോടു പറഞ്ഞു: അല്ലയോ ബനൂസുഹ്റാ! അല്ലാഹു നിങ്ങളുടെ സമ്പത്തുകളും രക്ഷിച്ചു. നിങ്ങളുടെ കൂട്ടുകാരനായ മഖ്റമ ബിൻ നൗഫലിനും മോചനവും നല്കി. ഇദ്ദേഹം അബൂസുഫിയാനിന്റെ കച്ചവടസംഘത്തിലു ണ്ടായിരുന്നു. നിങ്ങൾ വീടുകളിൽനിന്ന് പുറപ്പെട്ടുവന്നത് മഖ്റമയെ രക്ഷിക്കാനാണ്. നിങ്ങളുടെ സമ്പത്തുകൾ സംരക്ഷിക്കാനാണ്. നിങ്ങൾ ഭീരുത്വത്തിന്റെ ആക്ഷേപം എന്നിലേക്ക് മടക്കുക. ഞാനൊരു ഭീരുവാണെന്നും യുദ്ധം ഉപേക്ഷിക്കുകയാണെന്നും ആളുകൾ പറയുന്നതായിരിക്കും. നീ പറയുന്നു, ഈ ആക്ഷേപം എന്നിലേക്ക് മടക്കുക എന്ന്. തിരിച്ചുപോകുക. കാരണം നഷ്ടമൊന്നും ഉണ്ടാകാത്ത സ്ഥിതിയിൽ നിങ്ങൾക്ക് പുറപ്പെടേണ്ട ഒരു ആവശ്യവുമില്ല. അബുജഹ്ൽ പറയുന്നത് കേൾക്കരുത്. അങ്ങനെ അയാൾ തിരിച്ചുപോയി ബനൂ സുഹ്റയിലെ ഒരാളും യുദ്ധത്തിൽ പങ്കെടുത്തില്ല. ഇപ്രകാരം ബനൂ അദിയ് ബിൻ കഅബിൽനിന്നും ആരും യുദ്ധത്തിന് പോയില്ല. എല്ലാവരും മടങ്ങിപ്പോയി. ഖുറയ്ശീ സൈന്യം മുമ്പോട്ടുപോയി.

ഹദ്റത്ത് അബൂത്വാലിബിന്റെ മകൻ ത്വാലിബും ആ സൈന്യത്തിൽ പങ്കെടുത്തിരുന്നു. ഖുറയ്ശികളിലെ കുറച്ചാളുകളോടൊപ്പം അവർ സംസാരിച്ചു. ഖുറയ്ശ് പരിഹസിച്ചുകൊണ്ട് പറഞ്ഞു: "അല്ലാഹുവാണ! ബനീ ഹാശിമേ! നിങ്ങൾ ഞങ്ങളോടൊപ്പം ഇറങ്ങിവന്നുവെന്ന് ഞങ്ങൾക്കറിയാം. പക്ഷേ, നിങ്ങളുടെ മാനസികമായ സഹതാപങ്ങൾ മുഹമ്മദി(സ)നോടാണ്." ഇക്കാര്യം കേട്ട് ത്വാലിബ് തന്റെ ഒരുപാട് കൂട്ടുകാരേയും കൂട്ടി മക്കയിൽ തിരിച്ചുവന്നു. ഒരു നിവേദനത്തിൽ ഇക്കാര്യവും ലഭിക്കുന്നുണ്ട്. ത്വാലിബ് ബിൻ അബൂത്വാലിബ് നിർബന്ധമായി മുശ്രിക്കീങ്ങളോടൊപ്പം പോയതായിരുന്നു. എന്നാൽ, തടവുകാരിലോ വധിക്കപ്പെട്ടവരിലോ അദ്ദേഹത്തെക്കുറിച്ച് അറിയാൻ കഴിഞ്ഞില്ല. തന്റെ വീട്ടിൽ തിരിച്ചുപോയതുമില്ല. (താരീഖ് അത്വബരീ മുത്തർജിം, വാള്യം 2, പേജ് 137, നഫീസ് അക്കാഡമി കറാച്ചി) ഇത് ത്വബരിയുടെ ഉദ്ധരണിയാണ്.

എന്തായാലും ബാക്കിയുള്ള സൈന്യം അവർ 1300-ൽനിന്ന് കുറഞ്ഞ് 1000 ആയിക്കഴിഞ്ഞിരുന്നു. അയാൾ തന്റെ യാത്ര തുടർന്നു. അവർ ബദ്റിനടുത്തുള്ള ഒരു കുന്നിന്റെ പിന്നിൽപോയി താവളമടിച്ചു. (അസ്സീറത്തുന്നബ്വിയ്യ, ലിഇബ്നിഹിശാം പേജ് 423, ദിക്റു റുഅ്യാ ആത്തിക്ക ബിൻത് അബ്ദുൽ മുത്വലിബ്, ദാറുൽ കുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2001)

നബി(സ)തിരുമേനിയുടെ മദീനയിൽനിന്നുള്ള പുറപ്പാടിനെ കുറിച്ചും മുസ്ലിമീങ്ങളുടെ സൈന്യത്തിന്റെ അംഗസംഖ്യയെ കുറിച്ചും എഴുതിയിരിക്കുന്നു. നബി(സ)തിരുമേനി ഹിജ്റ 2 റമളാൻ 12-ന് ശനിയാഴ്ച മദീനയിൽനിന്ന് പുറപ്പെട്ടു. നബി(സ) തിരുമേനിയോടൊപ്പം 300-ൽപരം ആളുകളുണ്ടായിരുന്നു. അതിൽ 74 മുഹാജിറുകളും ബാക്കി അൻസ്വാറുമായിരുന്നു. അൻസ്വാർ പങ്കെടുക്കുന്ന ആദ്യത്തെ യുദ്ധവുമായിരുന്നു ഇത്. ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനോടു നബി(സ)തിരുമേനി മദീനയിൽത്തന്നെ നിൽക്കാൻ കല്പന നല്കി. കാരണം അദ്ദേഹത്തിന്റെ ഭാര്യ ഹദ്റത്ത് റുഖിയ ബിൻത് നബി(സ)രോഗിയായിരുന്നു. ഒരു നിവേദനത്തിലുണ്ട്, ഹദ്റത്ത് ഉഥ്മാൻതന്നെയും രോഗിയായിരുന്നുവെന്ന്. പക്ഷേ, കൂടുതൽ വിശ്വാസയോഗ്യമായ നിവേദനം അദ്ദേഹത്തിന്റെ ഭാര്യ രോഗിയായിരുന്നു എന്നതാണ്. മറ്റു ചില നിവേദനങ്ങളിൽ മുസ്ലിമീങ്ങളുടെ അംഗസംഖ്യ 313 എന്ന് വിവരിച്ചിട്ടുണ്ട്.

സ്വഹീഹ് ബുഖാരിയിൽ പറയുന്നുണ്ട്. ബറാഅ് ബിൻ ആസിബ്(റ) നിവേദനം. ബദ്റിൽ പങ്കെടുത്തവരുടെ എണ്ണം നദി കടന്നുപോയ ത്വാലൂത്തോടൊപ്പം ഉണ്ടായിരുന്ന യോദ്ധാക്കളുടെ എണ്ണമായിരുന്നുവെന്ന് എന്നോട് ബദ്റിൽ പങ്കെടുത്ത ചിലർ പറയുകയുണ്ടായി. അതായത് 310-ൽ കുറച്ച് അധികം. ഹദ്റത്ത് ബറാഅ്(റ) പറയാറുണ്ടായിരുന്നു. 'അല്ലാഹുവാണ! സത്യവിശ്വാസികളല്ലാതെ ത്വാലൂത്തോടൊപ്പം ആരും കടന്നുപോയിട്ടില്ല. (അത്ത്വബഖാത്തുൽ കുബ്റാ, ലിഇബ്നി സഅ്ദ്, വാള്യം 2, പേജ് 8 ദാറുൽ കുതുബൽ ഇൽമിയ്യ ബെയ്റുത്ത് 1990) (സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി, ബാബു ഇദ്ദത്തുഅസ്ഹബു ബദ്റിൻ ഹദീഥ് 3957, ഗസ്വാത്തുന്നബിയ്യി(സ) അല്ലാമ ബുർഹാൻ ഹൽബി മുത്തർജിം പേജ് 72 പ്രസാധനം ദാറുൽഇശാഅത്ത് കറാച്ചി 2001) ഒരു നിവേദനത്തിലുണ്ട് നബി(സ)തിരുമേനി സ്വഹാബത്തിന് എണ്ണിക്കണക്കാക്കാൻ കല്പനകൊടുത്തു. അവർ എണ്ണിത്തിട്ടപ്പെടുത്തിയതിനുശേഷം 313 പേരാണെന്ന് പറഞ്ഞു. അപ്പോൾ നബി(സ) തിരുമേനി വളരെ സന്തോഷിച്ചു. എന്നിട്ട് പറഞ്ഞു ത്വാലൂത്തിന്റെ കൂട്ടുകാരുടെ അത്ര എണ്ണം! (സുബുലുൽ ഹുദാ വർറശാദ ഭാഗം 14, പേജ് 25 ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993) ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത മുസ്ലിമീങ്ങളുടെ എണ്ണത്തെസംബന്ധിച്ച് പറയുന്നു. ബദ്റിന്റെ അവസരത്തിൽ 313 സ്വഹാബിമാരാണ് പുറപ്പെട്ടതെന്ന് നമ്മൾ കാണുന്നു. ഇനി 313-നു പകരം അറുന്നൂറ് അല്ലെങ്കിൽ എഴുന്നൂറ് എണ്ണത്തിൽ പുറപ്പെട്ടിരുന്നെങ്കിൽ മദീനയിൽനിന്ന് സ്വഹാബിമാരും ഉൾപ്പെടുമായിരുന്നു. അപ്പോൾ യുദ്ധം അവർക്ക് കൂടുതൽ എളുപ്പമാകുമായിരുന്നു. എന്നാൽ, അല്ലാഹു മുഹമ്മദ് റസൂലുല്ലാഹി(സ)നോട് ഈ യുദ്ധത്തെ സംബന്ധിച്ച് പറഞ്ഞിരുന്നു. പക്ഷേ, അതിനോടൊപ്പം വിലക്കുകയും ചെയ്തു; യുദ്ധത്തെക്കുറിച്ച് ആരോടും പറയരുതെന്ന്. അതിനു കാരണം അല്ലാഹു മുമ്പേയുള്ള ചില പ്രവചനങ്ങൾ പുലർത്തി കാണിക്കാനാഗ്രഹിച്ചിരുന്നു എന്നതാണ്.

ഉദാഹരണത്തിന് സ്വഹാബത്തിന്റെ എണ്ണം 313 ആയിരുന്നു. ബൈബിളിൽ ഈ പ്രവചനമുണ്ടായിരുന്നു;ജദ്ഊനോടുണ്ടായ അതേ സംഭവം തന്നെ, മുഹമ്മദ് റസൂലുല്ലായ്ക്കും അവിടത്തെ സ്വഹാബത്തിനും ഉണ്ടാകുന്നതായിരിക്കും. ജദ്ഊൻനബി തന്റെ ശത്രുക്കളുമായി പോരാടുകയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ജമാഅത്തിന്റെ എണ്ണം 313 ആയിരുന്നു. ഇപ്പോൾ സ്വഹാബാക്കൾക്ക് തങ്ങൾ യുദ്ധത്തിന് മദീനയിൽനിന്ന് പുറപ്പെടുകയാണെന്ന് മനസ്സിലാകുകയാണെങ്കിൽ അവരെല്ലാവരും പുറപ്പെടുമായിരുന്നു. അവരുടെ എണ്ണം 313-നെക്കാൾ കൂടുതലാകുമായിരുന്നു. ഇതേ ഹിക്മത്തിന് വിധേയമായി അല്ലാഹു ഇക്കാര്യത്തെ മറച്ചുവെച്ചു; സ്വഹാബത്തിന്റെ എണ്ണം 313-നെക്കാൾ കൂടുതലാകാതിരിക്കാൻ. കാരണം 313 സ്വഹാബത്തിന്റെ പുറപ്പെടൽതന്നെയും ഈ പ്രവചനത്തെ പൂർത്തിയാക്കാൻ പര്യാപ്തമായിരുന്നു. അതുകൊണ്ട് യുദ്ധവിവരം മറച്ചുവെക്കേണ്ടത് അനിവാര്യമായിരുന്നു. 'നിങ്ങളുടെ മത്സരം ഖുറയ്ശികളുടെ സൈന്യമായിട്ടായിരിക്കും' എന്ന്

### • തിരുനബിയുടെ തിരുമൊഴികൾ •

**അബൂഹുറൈറ നിവേദനം, ബാങ്കിന്റെയും ഒന്നാം സ്വഫ്ഫിന്റെ മഹത്ത്വം ജനങ്ങൾ അറിയാൻ ഇടയാവുകയും അതു നറുക്കെടുപ്പിലൂടെയല്ലാതെ ലഭിക്കുകയില്ലെന്ന് വരികയും ചെയ്താൻ അവർ നറുക്കെടുത്തും അതിനെത്തുമായിരുന്നു(മുസ്ലിം ഹദീഥ് 268)**

താലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

### • തിരുനബിയുടെ തിരുമൊഴികൾ •

**അബൂഖത്താദ നിവേദനം. നബി(സ) പറഞ്ഞു: 'നമസ്കാരത്തിന് ഇഖാമത്ത് വിളിച്ചാൽ, എന്നെ കാണുംവരെ നിങ്ങൾ എഴുന്നേല്ക്കരുത്.' (മുസ്ലിം, ഹദീഥ് 264)**

താലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

യുദ്ധമൈതാനത്ത് ചെന്നിട്ടാണ് സ്വഹാബത്തിനോടു പറയപ്പെട്ടത്. (ഏക് ആയത്ത് കി പുർ മആരിഫ് തഫ്സീർ, അൻവാറുൽ ഉലൂം വാള്യം 18, പേജ് 619)

ഉമ്മുവർഖ ബിൻത് നൗഫൽ എന്ന സ്ത്രീയുടെ ജിഹാദിന്റെ ആവേശത്തെക്കുറിച്ച് പറയുന്നു. നബി(സ)തിരുമേനി ബദ്റിന്റെ ഭാഗത്തേക്ക് പുറപ്പെട്ടുപോകാൻ തുടങ്ങിയപ്പോൾ ഹദ്റത്ത് ഉമ്മുവർഖ നബി(സ)തിരുമേനിയോടു പറഞ്ഞു, 'യാ റസൂലല്ലാഹ്!എനിക്കും ജിഹാദിന് വരാൻ അനുവാദം തന്നാലും. ഞാൻ അങ്ങയോടൊപ്പം രോഗികളെ ശുശ്രൂഷിക്കുന്നതാണ്. ഒരുപക്ഷേ, അല്ലാഹു എനിക്കും ശഹാദത്തിന്റെ ഭാഗ്യം തന്നരുളും.' നബി(സ)തിരുമേനി പറഞ്ഞു: 'നീ നിന്റെ വീട്ടിൽത്തന്നെ ഇരിക്കുക. അല്ലാഹു നിനക്ക് ശഹാദത്തിന്റെ ഭാഗ്യം നല്കുന്നതാണ്.' ആ സ്വഹാബിയ വിശുദ്ധഖുർആൻ പഠിച്ചുവെച്ചിരുന്നു. നബി(സ) തിരുമേനി അവരുടെ അടുത്ത് പോകാറുണ്ടായിരുന്നു. നബി(സ) തിരുമേനി അവരുടെ പേര് ശഹീദ എന്നു വെച്ചിരുന്നു. സാധാരണ മുസ്ലിമീങ്ങളും അവരെ ശഹീദ എന്നാണ് വിളിച്ചിരുന്നത്. പിന്നീട് ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്തുകാലത്ത് ഹദ്റത്ത് ഉമ്മുവർഖയുടെ ഒരു അടിമയും അടിമസ്ത്രീയും അവരെ ഒരു വിരിപ്പിൽ പൊതിഞ്ഞ് അബോധാവസ്ഥയിലാക്കി; അങ്ങനെ അവർ വഫാത്തായി. ആ അടിമയോടും അടിമസ്ത്രീയോടും അവർ വസിയ്യത്ത് ചെയ്തുവെച്ചിരുന്നു, തന്റെ വഫാത്തിനുശേഷം അവർ സ്വതന്ത്രരാണെന്ന്. ഘാതകരെ ഹദ്റത്ത് ഉമർ(റ)ന്റെ കല്പനയനുസരിച്ച് തൂക്കിക്കൊന്നു. ഹദ്റത്ത് ഉമർ(റ)പറഞ്ഞു നബി(സ)തിരുമേനി സത്യമാണ് പറഞ്ഞത്. അവിടന്ന് പറയാറുണ്ടായിരുന്നു. എന്നോടൊപ്പം വരൂ ശഹീദായെ കണ്ടിട്ടു വരാം. (അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 197 ദാറുൽ കുതുബുൽ ഇൽമിയ്യ, 2002)

അവരുടെ വീട്ടിൽ പോകാറുള്ളപ്പോൾ ഹദ്റത്ത് ഉമർ തുടങ്ങിയവരേയും അവിടന്ന് കൂടെ കൊണ്ടുപോകാറുണ്ടായിരുന്നു.

ഇസ്ലാമിക സൈന്യത്തിന്റെ ശക്തിയുടെ വിശദീകരണം ഇപ്രകാരം എഴുതിയിരിക്കുന്നു. ഒരു നിവേദനമനുസരിച്ച് ഈ യുദ്ധത്തിൽ മുസ്ലിമീങ്ങളുടെ കൈയിൽ അഞ്ച് കുതിരയുണ്ടായിരുന്നു. ചിലരുടെ അഭിപ്രായത്തിൽ രണ്ട് കുതിര മാത്രമാണുണ്ടായിരുന്നത്. ഒന്ന് ഹദ്റത്ത് മിഖ്ദാദിന്റെ കുതിര. മറ്റൊന്ന് ഹദ്റത്ത് സുബയ്റിന്റേത്. ഹദ്റത്ത് അലിയിൽനിന്ന് നിവേദനം. ബദ്ർ ദിവസം ഹദ്റത്ത് മിഖ്ദാദിനു പുറമെ മറ്റൊരു കുതിര സവാരിക്കാരനുമുണ്ടായിരുന്നില്ല. എന്തായാലും നിവേദനങ്ങളിൽ കുതിരകളുടെ ഏറ്റവും കൂടുതലെണ്ണം ലഭിക്കുന്നത് 5 ആണ്. മുസ്ലിമീങ്ങളുടെ പക്കൽ 60 ഇരുമ്പ് ചട്ടയാണുണ്ടായിരുന്നത്. ഒട്ടകങ്ങളുടെ എണ്ണം 70, 80 ആയിരുന്നു. ഇതിൽ ഊഴമനുസരിച്ച് യാത്ര ചെയ്തിരുന്നു. നബി(സ) തിരുമേനി നടന്നുപോകുന്ന ഊഴം വരുമ്പോൾ നബി(സ) തിരുമേനിയുടെ രണ്ട് കൂട്ടുകാരും പറയുമായിരുന്നു, യാ റസൂലല്ലാഹ്!ഞങ്ങൾ അങ്ങയുടെ ഊഴത്തിൽ നടന്നുകൊള്ളാം. അങ്ങ് ഒട്ടകത്തിൽ യാത്രചെയ്താലും. അപ്പോൾ നബി(സ)തിരുമേനി പറയുമായിരുന്നു, "നിങ്ങൾ എന്നെക്കാളേറെ ശക്തിയുള്ളവരല്ല. നിങ്ങളിരുവരേയും അപേക്ഷിച്ച് ഫലത്തിലും പുണ്യത്തിലും ഞാൻ അതീതനുമല്ല." (അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 204–205 ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2002) അസ്സീറത്തുന്നബവിയ്യ ലിഇബ്നികഥീർ, പേജ് 249 ദാറുൽ കുതുബുൽഇൽമിയ്യ, ബെയ്റൂത്ത് 2005) (ഗസ്വാത്തുന്നബി(സ) ഗ്രന്ഥകർത്താവ് അല്ലാമ അലി ബിൻ ബുർഹാനുദ്ദീൻ ഹൽബി, മുത്തർജിം പേജ് 76, ദാറുൽ ഇശാഅത്ത് കറാച്ചി 2001) (ദലാഇലുന്നുബുവ്വത്തി ലിൽ ബയ്ഹഖി വാള്യം 3, പേജ് 32 പ്രസാധകർ ദാറുർറയ്യാൻ ലിത്തുറാഥി ഖാഹിറ 1988)

എനിക്കും യുദ്ധത്തിന്റെ, ഈ യാത്രയുടെ, യുദ്ധനടപടിയുടെ പുണ്യവും പ്രതിഫലവും കിട്ടേണ്ടതാണ്.

ആദരണീയരായ സ്വഹാബത്തിനുവേണ്ടി നബി(സ)തിരുമേനിയുടെ ഒരു ദുആയുണ്ട്, അതിനെക്കുറിച്ചെഴുതിയിരിക്കുന്നു. വഴിയിൽ ഒരു സ്ഥലത്തുനിന്ന് പുറപ്പെടാൻ നേരത്ത് നബി(സ) തിരുമേനി തന്റെ സ്വഹാബത്തിനുവേണ്ടി ഇങ്ങനെ ദുആ ചെയ്തു: "അല്ലാഹുവേ ഇവർ നഗ്നപാദരാണ്. ഇവർക്ക് യാത്രാവാഹനങ്ങൾ നൽകിയാലും. ഇവർ നഗ്നശരീരരാണ്. ഇവർക്ക് വസ്ത്രം നല്കിയാലും. ഇവർ വിശപ്പുള്ളവരാണ്. ഇവരുടെ വയർ നിറച്ചാലും. ഇവർ ദരിദ്രരാണ്. ഇവരെ നിന്റെ ഫള്ലുകൊണ്ട് സമ്പന്നരാക്കിയാലും. ഈ ദുആ സ്വീകരിക്കപ്പെട്ടു. ബദ്ർ യുദ്ധത്തിൽനിന്ന് തിരിച്ചുവരുന്നവരിൽ വാഹനപുറത്തുവരാനാഗ്രഹിക്കുന്നവരിൽ ആർക്കുംതന്നെ അവർക്ക് യാത്രചെയ്യാൻ പറ്റിയ ഒട്ടകം കിട്ടാതിരുന്നില്ല. വസ്ത്രങ്ങൾ ഇല്ലാത്തവർക്ക് വസ്ത്രങ്ങൾ കിട്ടി. ഭക്ഷണപദാർഥങ്ങളാണെങ്കിൽ വയറുനിറയെ കിട്ടി. ഇപ്രകാരം യുദ്ധതടവുകാരുടെ മോചനത്തിന് എത്രമാത്രം നഷ്ടപരിഹാരം കിട്ടിയെന്നാൽ എല്ലാ കുടുംബവും സമ്പന്നരായി." (അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 204, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2002)

ചിലയാളുകൾ മദീനയിൽത്തന്നെ നിന്നു. ചിലർ പ്രായംകുറഞ്ഞ ധർമഭടന്മാരായിരുന്നു. അവരോടു തിരിച്ചുപോകാൻ നബി(സ)തിരുമേനി കല്പിച്ചു. അവരെക്കുറിച്ച് എഴുതിയിരിക്കുന്നു: ബദ്റിലേക്ക് പോകാനുള്ള നിർദ്ദേശം പൊതുവായിട്ടുള്ളതായിരുന്നു. പക്ഷേ, ഇതിൽ കൂടുതൽ തയ്യാറെടുപ്പിന് അവസരം നൽകപ്പെട്ടില്ല. നിവേദനത്തിൽ വരുന്നു: ചിലയാളുകൾ പറഞ്ഞു, മദീനയിൽനിന്ന് കുറച്ചകലെ ഞങ്ങളുടെ യാത്രാവാഹനങ്ങളുണ്ട്. ഞങ്ങൾ അവയെ കൊണ്ടുവരട്ടെ? അപ്പോൾ വേണ്ട എന്ന നിർദ്ദേശമുണ്ടായി. അങ്ങനെ അവർ അവിടെ നിൽക്കുകയോ അല്ലെങ്കിൽ അവർ യാത്രാവാഹനം കൂടാതെ പുറപ്പെടുകയോ ചെയ്തു. ഇവിടെ ഇതു പൊതുവായിട്ടുള്ള കല്പനയാണെന്നാണ് എഴുതിയിട്ടുള്ളത്. പൊതുവായിട്ടുള്ളതായിരുന്നു. പക്ഷേ, എന്നിട്ടും നിയന്ത്രണങ്ങളുണ്ടായിരുന്നു. നബി(സ)തിരുമേനി ആർക്കും തയ്യാറാകാൻ അവസരം നൽകിയില്ല. ആളുകൾ കൂടുതൽ തയ്യാറെടുപ്പും നടത്തണ്ട. എന്തായാലും എഴുതിയിരിക്കുന്നു. അതായത് ഇപ്രകാരം കുറച്ച് മുസ്ലിമീങ്ങളുണ്ടായിരുന്നു. അവർക്ക് എന്തൊക്കെയോ ഒഴികഴിവിന്റെ അടിസ്ഥാനത്തിൽ പിന്നിൽ നില്ക്കാൻ അനുവാദം കിട്ടി. ഹദ്റത്ത് ഉഥ്മാനെ കുറിച്ച് മുമ്പേ പറഞ്ഞതുപോലെ. ഇപ്രകാരംതന്നെ അബൂ ഉമാമ ബിൻ ഥഅലബയുടെ മാതാവ് രോഗിയായിരുന്നു. പക്ഷേ, അദ്ദേഹം കൂടെപോകാൻ തീരുമാനിച്ചിരുന്നു. അപ്പോൾ നബി(സ) തിരുമേനി അദ്ദേഹം തന്റെ രോഗിയായ മാതാവിന്റെ അടുത്തുനില്ക്കാൻ കല്പിച്ചു. ബദ്റിൽനിന്ന് മടങ്ങിവന്നപ്പോൾ അദ്ദേഹത്തിന്റെ മാതാവ് വഫാത്തായികഴിഞ്ഞിരുന്നു. അപ്പോൾ നബി(സ) തിരുമേനി അവരുടെ ഖബ്റിൽപോയി ദുആചെയ്തു. ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ അത്യാവശേത്തോടെ ആളുകളെ യാത്രപുറപ്പെടാൻ തയ്യാറാക്കുകയായിരുന്നു. അദ്ദേഹത്തെ പാമ്പുകൊത്തി. അപ്പോൾ അദ്ദേഹം മദീനയിൽത്തന്നെ ഇരുന്നു. ഇപ്രകാരംതന്നെ നബി(സ)തിരുമേനി വഴിയിൽ ഒരു സ്ഥലത്ത് നിന്നിട്ട്, പ്രായംകുറഞ്ഞ മുജാഹിദീങ്ങളോട് തിരിച്ചുപോകാൻ നിർദ്ദേശിച്ചു. അവരിലൊരാൾ ഉമയ്ർ ബിൻ അബീ വഖാസുമായിരുന്നു. അദ്ദേഹം കുട്ടികൾ മടങ്ങിപോകുക എന്ന കല്പന കേട്ടപ്പോൾ കരയാൻ തുടങ്ങി. അപ്പോൾ നബി(സ)തിരുമേനി അയാൾക്ക് പോകാൻ അനുമതി നൽകി. അദ്ദേഹം യുദ്ധത്തിൽ പങ്കെടുത്തു. ശഹാദത്തിന്റെ ശർബ്ബത്ത് കുടിക്കുകയും ചെയ്തു. ഏതൊരു പ്രായംകുറഞ്ഞവരെയാണോ മടക്കി അയച്ചത് അവരിൽ ഉസാമ ബിൻ സയ്ദ്, റാഫിഅ് ബിൻ ഖദീജ്, ബറാഅ് ബിൻ ആസിബ്, ഉസയ്ദ് ബിൻ ള്വുഹ്ർ, സയ്ദ് ബിൻ അർഖം, സയ്ദ് ബിൻ ഥാബിത് എന്നിവർ ഉൾപ്പെട്ടിരുന്നു. (അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 204, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2002)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: ഇന്ന് ജനങ്ങൾ ഇസ്ലാമിനും വിശ്വാസത്തിനും വേണ്ടിയുള്ള ത്യാഗത്തിൽനിന്ന് രക്ഷപ്പെടുന്നതിന് ഒഴികഴിവും തന്ത്രവും അന്വേഷിക്കുന്ന കാലം വന്നിരിക്കുകയാണ്. സമയം വരുമ്പോൾ പറയുന്നു, 'ഞങ്ങൾക്ക് ഈ ബുദ്ധിമുട്ടുണ്ട്. ആ തടസ്സമുണ്ട് എന്നൊക്കെ!' പക്ഷേ നബി(സ)തിരുമേനിയുടെ പരിശുദ്ധശക്തിക്ക് വിധേയരായി മുസ്ലിമീങ്ങളിൽ ത്യാഗം ചെയ്യുന്നതിനുള്ള വികാരം ഉണ്ടായിക്കഴിഞ്ഞിരുന്നു. അതായത്, പുരുഷന്മാരും പ്രായപൂർത്തിയായ സ്ത്രീകളും അവിടെ നിൽക്കട്ടെ. കുട്ടികളും അതേ ആവേശത്തോടെ മഹോത്സുകരായി കണ്ടിരുന്നു. എത്രത്തോളമെന്നാൽ, അവർ ബദ്ർ യുദ്ധത്തിന്റെ അവസരത്തിൽ യുദ്ധത്തിന് അർഹരായവരെ തിരഞ്ഞെടുക്കുന്നതിന് നബി(സ) തിരുമേനി സ്വഹാബത്തിനെ വിളിച്ചു, ആ നേരത്ത് ഒരു കുട്ടിയെ സംബന്ധിച്ച് വരുന്നു, മറ്റു സ്വഹാബിമാരും ആ കുട്ടിതന്നെയും പറയുന്നു. അവർ എഴുന്നേറ്റുനിന്ന സമയത്ത് ആ കുട്ടിയും എഴുന്നേറ്റുനിന്നു. അവനും ഇസ്ലാമിനുവേണ്ടി ജീവൻ ബലിയർപ്പിക്കാൻ അവസരം കിട്ടണമെന്ന ആവേശത്തിലായിരുന്നു. എന്നാൽ, മറ്റുള്ളവരെ അപേക്ഷിച്ച് അവന് പൊക്കം കുറവായിരുന്നു. അ

## • കലാമുൽ ഇമാം: •

**'ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു.'**

**(മൽഫൂദാത്ത് വാള്യം.1 പേജ്. 220)**

ത്വാലിബെ ദുആ:
P. Abdul Ameer
Ahmadiyya Jama-ath Pathappiriyam, Kerala

## • തിരുനബിയുടെ തിരുമൊഴികൾ •

**അബൂമസ്ഊദ് നിവേദനം: നബി(സ)തിരുമേനി പറഞ്ഞു, നിങ്ങൾ നിരയൊപ്പിച്ച് നില്ക്കുക. ചിതറി നില്ക്കരുത്. ചിതറിനിന്നാൽ നിങ്ങളുടെ ഹൃദയങ്ങൾ ഭിന്നിച്ചു പോകും**

**(മുസ്ലിം,ഹദീഥ് 267)**

ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK
,ERNAKULAM. CONT: 79025 95215

തുകൊണ്ട് തിരഞ്ഞെടുക്കപ്പെടുമോ എന്ന ആശങ്കയുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം പൊക്കം തോന്നിക്കാനും ദുർബലനായി കാണാതിരിക്കാനും ഉപ്പൂറ്റി മേൽപ്പോട്ടുയർത്തി വിരലിൽകുത്തി നെഞ്ചുവിരിച്ചുനിന്നു. പതിനഞ്ചു വയസ്സിന് താഴെയുള്ള ആരേയും എടുക്കരുതെന്ന് നബി(സ) നിർദ്ദേശിച്ചിരുന്നു. നബി(സ)തിരുമേനി തിരഞ്ഞെടുപ്പ് നടത്തി അവന്റെ അടുക്കലെത്തി. അവിടന്ന് പറഞ്ഞു ഇവൻ കുട്ടിയാണ്. ഇവനെ ആരാണ് നിറുത്തിയത്. അവനെ മാറ്റുക. എന്നാൽ, ഇന്ന് അങ്ങനെ പറഞ്ഞാൽ ആ കുട്ടി താൻ രക്ഷപ്പെട്ടിരിക്കുന്നുവെന്ന സന്തോഷംകൊണ്ട് തുള്ളിച്ചാടുമായിരുന്നു. പക്ഷേ, ആ കുട്ടിയെ മാറ്റിയപ്പോൾ അവൻ എത്രമാത്രം കരഞ്ഞുവെന്നാൽ, നബി(സ) തിരുമേനിക്ക് കരുണതോന്നി. അവിടന്ന് അവനെ സൈന്യത്തിലെടുക്കുക എന്നു പറഞ്ഞു. (ഖുത്ബാത്തെ മഹ്മൂദ്, വാള്യം 17, പേജ് 265)

ഈ യാത്രയിൽ നബി(സ)തിരുമേനി മദീനയിലെ അമീറായി നിശ്ചയിച്ചയാളെ കുറിച്ച് പറയുന്നു. മദീനയിൽനിന്ന് പുറപ്പെടുമ്പോൾ നബി(സ)തിരുമേനി തന്റെ പിന്നിൽ അബ്ദുല്ലാഹ് ബിൻ ഉമ്മി മക്തൂമിനെ മദീനയുടെ അമീറായി നിശ്ചയിച്ചിരുന്നു. എന്നാൽ, അവിടന്ന് റൗഹായുടെ അടുത്തെത്തിയപ്പോൾ-അത് മദീനയിൽനിന്ന് 36 മൈൽ ദൂരെയാണ്- അബ്ദുല്ലാഹ് അന്ധനാണ്, ഖുറയ്ശി സൈന്യത്തിന്റെ വരവിനെ കുറിച്ചറിഞ്ഞപ്പോൾ മദീനയ്ക്ക് ശക്തമായ ഏർപ്പാടുണ്ടായവണമെന്ന് നബി(സ) തിരുമേനി കരുതി. അവിടന്ന് അബൂലുബാബ ബിൻ മുൻദിറിനെ മദീനയുടെ അമീറായി നിശ്ചയിച്ചുകൊണ്ട് തിരിച്ചയച്ചു. അബ്ദുല്ലാഹ് ബിൻ ഉമ്മിമക്തൂമിനോടു ഇമാമത്ത് വഹിക്കാൻ കല്പിച്ചു. അബൂലുബാബ ഭരണപരമായ കാര്യം നോക്കട്ടെ. മദീനയുടെ മേലേഭാഗത്ത് അതായത് ഖുബായിൽ അവിടന്ന്(സ) ആസ്വിബിൻ അദിയ്യിനെ വേറെ അമീറായി നിയമിച്ചു. (സീറത്തു ഖാത്തമുന്നബിയ്യിൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, പേജ് 354)

ഇസ്‌ലാമിക സൈന്യത്തിന്റെ പതാകയെക്കുറിച്ചെഴുതിയിരിക്കുന്നു. നബി(സ) തിരുമേനി ഇസ്‌ലാമിക സൈന്യത്തിന്റെ പതാക ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന് നല്കി. ഇത് ധവള പതാകയായിരുന്നു. അതിന് പുറമെ കറുത്ത പതാകയുമുണ്ടായിരുന്നു. അവയിലൊന്ന് അലിയുടെ കൈയിലായിരുന്നു. ഇതിന്റെ പേര് 'ഉഖാബ്' എന്നായിരുന്നു. ഈ പതാക ഹദ്റത്ത് ആഇശായുടെ തട്ടംകൊണ്ട് ഉണ്ടാക്കിയതായിരുന്നു. രണ്ടാമത്തെ പതാക ഒരു അൻസ്വാർ സ്വഹാബിയുടെ കൈയിലായിരുന്നു. ഒരു നിവേദനമുസരിച്ച് ഇസ്‌ലാമിക സൈന്യത്തിന്റെ കൈയിൽ മൂന്ന് കൊടികളുണ്ടായിരുന്നു.

മുഹാജിരീങ്ങളുടെ പതാക ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ കൈയിലായിരുന്നു. ഹസ്റജ് ഗോത്രത്തിന്റെ പതാക ഹദ്റത്ത് ഹബ്വാബ് ബിൻ മുൻദറിന്റെ കൈയിലായിരുന്നു. ഔസ് ഗോത്രത്തിന്റെ പതാക ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റെ കൈയിലായിരുന്നു. (അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 204, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)

ഹദ്റത്ത് ഖവ്വാബ് ബിൻ ജുബയ്റും യുദ്ധത്തിലൊപ്പമുണ്ടായിരുന്നു. പക്ഷേ, വഴിയിലൊരിടത്തെത്തിയപ്പോൾ അദ്ദേഹത്തിന്റെ കാലിൽ ഒരു കല്ലുകൊണ്ട കാരണത്താൽ പരിക്ക് പറ്റി. ചോരയൊഴുകാൻ തുടങ്ങി. ഇക്കാരണത്താൽ അദ്ദേഹത്തിന് നടക്കാൻ കഴിയുമായിരുന്നില്ല. അതുകൊണ്ട് മദീനയിലേക്ക മടങ്ങിപോയി. നബി(സ) തിരുമേനി അദ്ദേഹത്തിനും സമരാർജ്ജിത സ്വത്തിൽനിന്ന് വിഹിതം നല്കി. ചില ഉലമായിന്റെ അഭിപ്രായത്തിൽ അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. (അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 202, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002) പക്ഷേ, ശരിയായ നിവേദനം മടങ്ങിപോയി എന്നതുതന്നെയാണ്.

അന്യാരാധകന്റെ സഹായത്തെ നിഷേധിച്ചതിനെ സംബന്ധിച്ച് എഴുതുന്നു: മദീനയിൽ ഹബീബ് ബിൻ യസാഫ് എന്ന് പേരുള്ള ബലവാനും ധൈര്യവാനുമായ ഒരാളുണ്ടായിരുന്നു. ഹസ്റജ് ഗോത്രവുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ബദ്ർ യുദ്ധത്തിന്റെ അവസരംവരെ മുസ്‌ലിമായിരുന്നില്ല. എന്നാൽ, ഇദ്ദേഹവും തന്റെ ജനതയായ ഹസ്റജിനോടൊപ്പം യുദ്ധത്തിന് പുറപ്പെട്ടു. യുദ്ധം ജയിച്ചാൽ സമരാർജ്ജിത സ്വത്തിൽനിന്ന് തനിക്കും വിഹിതം കിട്ടുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചിരുന്നു. മുസ്‌ലിമീങ്ങൾക്ക് വലിയ സന്തോഷവുമുണ്ടായി. എന്നാൽ, നബി(സ)തിരുമേനി അയാളോട് പറഞ്ഞു, 'ഞങ്ങളുടെ മതത്തിലുള്ളവർ മാത്രമേ ഞങ്ങളോടൊപ്പം യുദ്ധത്തിന് പുറപ്പെടേണ്ടതുള്ളൂ.' ഒരു നിവേദനത്തിലുണ്ട്. അവിടന്ന് പറഞ്ഞു: 'താങ്കൾ മടങ്ങിപ്പോകുക. ഞങ്ങൾ അന്യാരാധകരിൽനിന്ന് സഹായം വാങ്ങുകയില്ല.' ഹബീബ് ബിൻ യസാഫ് രണ്ടാം തവണയും നബി(സ) തിരുമേനിയുടെ അടുത്ത് വന്നു. എന്നാൽ, നബിതിരുമേനി രണ്ടാം പ്രാവശ്യവും അദ്ദേഹത്തെ മടക്കി. അവസാനം മൂന്നാം പ്രാവശ്യം വന്നപ്പോൾ നബിതിരുമേനി ചോദിച്ചു താങ്കൾ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുന്നുണ്ടോ? വിശ്വസിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അതിനുശേഷം അയാൾ മുസ്‌ലിമായി. ആത്മവീര്യത്തോടെ യുദ്ധം ചെയ്തു. (അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 204, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)

ഈ യാത്രയ്ക്കിടയിൽ ഹദ്റത്ത് സഅ്ദ്(റ)ന്റെ മാൻവേട്ടയെ കുറിച്ചുള്ള വിവരവും ലഭിക്കുന്നുണ്ട്. വഴിയിൽ ഒരിടത്തെത്തിയപ്പോൾ നബി(സ) തിരുമേനി ഹദ്റത്ത് സഅദ് ബിൻ അബീ വഖാസിനോട് പറഞ്ഞു, 'സഅദേ! മാനിനെ നോക്കുക. അതിനെ അമ്പെയ്യുക.' വഴിയിൽ അദ്ദേഹം മാനിനെ കണ്ടു. നബി(സ)തിരുമേനി എഴുന്നേറ്റുനിന്നു. തന്റെ അനുഗൃഹീത താടി ഹദ്റത്ത സഅ്ദിന്റെ രണ്ട് തോളിന്റേയും രണ്ട് ചെവിയുടേയും ഇടയിൽവെച്ചു. എന്നിട്ട അമ്പെയ്യാൻ പറഞ്ഞു. 'അല്ലാഹുവേ, ഇദ്ദേഹത്തിന്റെ ഉന്നം പിഴയ്ക്കരുതേ.' പിന്നീട് അദ്ദേഹം അമ്പെയ്തു കഴിഞ്ഞപ്പോൾ മാനിൽനിന്ന് ഉന്നം പിഴച്ചില്ല. അപ്പോൾ നബി(സ) തിരുമേനി പുഞ്ചിരിച്ചു. ഹദ്റത്ത് സഅ്ദ് ഓടിപ്പോയി ആ മാനിനെ പിടിച്ചു. അതിൽ ജീവന്റെ തുടിപ്പുണ്ടായിരുന്നു. അങ്ങനെ അതിനെ അറുത്തു. എത്തുകൊണ്ടുവന്നു. പിന്നീട് നബി(സ) തിരുമേനിയുടെ കല്പനയാൽ അതിനെ സഹാബാക്കൾക്കിടയിൽ വീതിച്ചു. (സുബുലുൽ ഹുദാ വർറശാദ് ഭാഗം 4, പേജ് 25, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)

നബി(സ)തിരുമേനി യാത്ര തുടർന്നു. സ്വഫ്റാ എന്ന സ്ഥലത്തെത്തിയപ്പോൾ വളരെയധികം ഹരിതാഭവും ഈത്തപ്പനകളുള്ളതുമായ ഒരു താഴ്വരയുണ്ട്. അത് ബദ്ർ മൈതാനത്തുനിന്ന് ഒരു ദിവസത്തെ യാത്രാദൂരത്താണുള്ളത്. അപ്പോൾ നബി(സ)തിരുമേനി അബൂസുഫിയാനെ സംബന്ധിച്ച് വിവരം ശേഖരിക്കുന്നതിന് രണ്ടാളുകളെ ബദ്റിന്റെ ഭാഗത്ത് അയച്ചു. നബിയും സൈന്യത്തോടൊപ്പം മുമ്പോട്ടുപോയി. അങ്ങനെ ദഫ്റാൻ എന്ന പേരുള്ള താഴ്വരയിലൂടെ പോയി ഒരു സ്ഥലത്ത് താവളമടിച്ചു. അത് സ്വഫ്റായുടെ അടുത്തുതന്നെയുള്ള ഒരു താഴ്വരയുടെ പേരാണ്. (അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഇശാം, പേജ് 420, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001) (മുഅ്ജമുൽ ബുൽദാൻ, വാള്യം 3, പേജ് 408, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) അബൂ സുഫിയാനെ സംബന്ധിച്ച് അന്വേഷിക്കാൻ നബി(സ)തിരുമേനി പറഞ്ഞയച്ച രണ്ട് പേർ നടന്ന് നടന്ന് ബദ്റിലെത്തി. അവിടെ ജലാശയത്തിനടുത്ത് ഒരു കുന്നിന്റെ ചെരുവിൽ ഒട്ടകത്തെ ഇരുത്തി. പിന്നീട് തുകൽകുടവുമെടുത്ത് വെള്ളമെടുക്കാൻ പോയി. അവരിരുവരും അവിടെ രണ്ട് പെൺകുട്ടികളുടെ ശബ്ദം കേട്ടു. ഒരാൾ മറ്റൊരാളെ പിടിച്ചുകൊണ്ട് ജലാശയത്തിനടുത്തേക്ക് വരികയായിരുന്നു. അവരിൽ ഒരുവൾ മറ്റവളോട് പറഞ്ഞു, കച്ചവട സംഘം നാളെ അല്ലെങ്കിൽ മറ്റന്നാൾ എത്തുന്നതായിരിക്കും, ഞാൻ അവരുടെയടുത്ത് ജോലി ചെയ്ത് നിന്റെ കടം വീട്ടുന്നതായിരിക്കും. ആ രണ്ട് പെൺകുട്ടികൾക്കു പുറമെ മറ്റൊരാളും അവിടെയുണ്ടായിരുന്നു. അയാൾ പറഞ്ഞു, 'നിങ്ങൾ പറയുന്നത് സത്യമാണ്.' നബി(സ)തിരുമേനി അയച്ച ആ രണ്ടുപേർ ഇവർ പറയുന്നത് കേൾക്കുന്നുണ്ടായിരുന്നു. അവരിരുവരും തങ്ങളുടെ ഒട്ടകപ്പുറത്തേറി തിരിച്ചുവന്നു. നബിതിരുമേനിയുടെ സന്നിധിയിൽ ഹാജരായി. തങ്ങൾ കേട്ടത് പറഞ്ഞു. അതിനെ കുറിച്ച് വിവരം നൽകി. (അസ്സീറത്തുൽ നബ്വിയ്യ, ലിഇബ്നി ഹിശാം, പേജ് 422, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)അവർ പറഞ്ഞു, ഇങ്ങനെ ഒരു സൈന്യം വന്നുകൊണ്ടിരിക്കുന്നുണ്ട്. ഈ വിവരം നബി തിരുമേനിക്ക് കിട്ടിയപ്പോൾ അവിടന്നും കൂടുതൽ ജാഗ്രത പാലിച്ചു. ഇനിയുള്ള വിശദീകരണം ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതായിരിക്കും.

ഇനി ഞാൻ കുറച്ച് പരേതാത്മാക്കളെ സ്മരിക്കുന്നതാണ്. ഹാജറുള്ള ഒരു ജനാസയുണ്ട്. അത് ശെയ്ഖ് ഗുലാം റഹ്മാനി സാഹിബ് യു.കെ.യുടേതാണ്. കഴിഞ്ഞ ദിവസം 92-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി അമൃത്സറിലെ ഹദ്റത്ത് ശെയ്ഖ് ഗുലാം ജയ്‌ലാനി സാഹിബിന്റെ മകനായിരുന്നു. ശെയ്ഖ് ്റഹ്മത്തുല്ലാഹ് സാഹിബ്- ഇദ്ദേഹത്തിന് ദീർഘകാലം കറാച്ചി ജമാഅത്തിന് സേവനം ചെയ്യാൻ തൗഫീഖ് കിട്ടി- ഒരുപാട്കാലം കറാച്ചി ജമാഅത്തിന്റെ അമീറുമായിരുന്നു. ഇദ്ദേഹത്തിന്റെ മകളുടെ ഭർത്താവുമായിരുന്നു.

**• കലാമുൽ ഇമാം: •**

**ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയ്ക്കല്ല. പ്രത്യുത, നബി(സ)യുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചു കൊണ്ട് (മൽഫൂദാത്ത് വാള്യം.3 പേ.38)**




SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


**• തിരുനബിയുടെ തിരുമൊഴികൾ •**

**അബൂഹുറൈറ നിവേദനം. നബി(സ) പറഞ്ഞു: വിശ്വാസികളെ വിഷമിപ്പിക്കലാകുമായിരുന്നില്ലെങ്കിൽ ഓരോ നമസ്കാരവേളയിലും ദന്തശുദ്ധി വരുത്താൻ ഞാൻ അവരോടു കൽപിക്കുമായിരുന്നു. (മുസ്‌ലിം ഹദീഥ് 270)**

**താലിബെ ദുആ: ANWAR SADAT & FAMILY JAMA-ATH AHMADIYYA,PATHAPIRIYAM**

ശെയ്ഖ് ഗുലാം റഹ്മാനി സാഹിബിന്റെ പിതാവ് 1902-ൽ ഖാദിയാൻ യാത്ര ചെയ്തു. ഹദ്റത്ത മസീഹ് മൗഊദ്(അ)ന്റെ സിയാറത്ത് കരസ്ഥമാക്കി. 'ഈ മുഖകമലം ഒരു കള്ളവാദിയുടേത് ആകാവതല്ല'എന്ന് പറഞ്ഞുകൊണ്ട് ക്ഷണത്തിൽ വിശ്വസിക്കുകയും ചെയ്തു. ഗുലാം റഹ്മാനി സാഹിബ് 1958-ൽ ബ്രിട്ടനിൽ വന്നു. ഇവിടെ വന്ന് ഇലക്ട്രിക്കൽ ഇഞ്ചിനിയറിംഗിൽ ഡിഗ്രിയെടുത്തു. പിന്നീട് ദീർഘകാലം ഇവിടെ ആശുപത്രിയിൽ ഒരു മെഡിക്കൽ റിസർച്ച് കൗൺസിലിൽ ജാലി ചെയ്തു. ഒരുപാടു വർഷം നാഷണൽ ജനറൽ സെക്രട്ടറിയും പത്തുവർഷത്തിലധികം സൗത്താൾ ജമാഅത്തിന്റെ സ്വദ്ർ എന്ന നിലയിലും സേവനം ചെയ്യാൻ ഭാഗ്യം കിട്ടി, സൗത്താൾ ജമാഅത്തിന് തദ്ദേശ കൗൺസിലിൽനിന്ന് അനുവാദം കിട്ടാൻ ഒരുപാട് പരിശ്രമിച്ചു. അല്ലാഹു അദ്ദേഹത്തിന്റെ പരിശ്രമങ്ങൾക്ക് പ്രതിഫലവും നല്കി. ഒരു വീട്ടിൽ മിഷൻഹൗസ് സ്ഥാപിക്കപ്പെട്ടപ്പോൾ ഒരു അയൽവാസി തദ്ദേശ ഭരണകർത്താക്കളോട് പരാതിപ്പെട്ടു. അവർ കാര്യങ്ങൾ പരിശോധിച്ചു. അത് പൂട്ടാൻ തീരുമാനിക്കുകയും ചെയ്തു. പക്ഷേ, റഹ്മാനിയ സാഹിബ് വളരെ പരിശ്രമിച്ച് കറിനാധ്വാനം ചെയ്തു. തന്റെ നിലപാട് ഉദ്യോഗസ്ഥന്മാരുടെ മുമ്പിൽ അവതരിപ്പിച്ചു. ഇതിന്റെ ഫലമായി അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിജയം കണ്ടു. ജമാഅത്തിന് അനുകൂലമായിട്ട് വിധിയുണ്ടായി. റഹ്മാനിയ സാഹിബ് വർഷങ്ങളോളം സൗത്താൾ മിഷൻഹൗസിൽ സൺഡേ ക്ലാസുകൾ സംഘടിപ്പിച്ചിരുന്നു. പുതിയ തലമുറയിലെ ധാരാളമാളുകൾക്ക് ഇസ്‌ലാം അഹ്മദിയ്യത്തിന്റെ അധ്യാപനം പകർന്നുനല്കി. 1996-ൽ അദ്ദേഹം നാഷണൽ സെക്രട്ടറി വസായ ആയി നിശ്ചയിക്കപ്പെട്ടു. 2005-ൽ ഞാൻ വസിയ്യത്തിനെ കുറിച്ച് ആഹ്വാനം ചെയ്തപ്പോൾ ചന്ദ കൊടുക്കുന്നവരായ 50% ആളുകൾ നിർബന്ധമായും വസിയ്യത്ത് ചെയ്യേണ്ടതാണെന്ന് പറഞ്ഞപ്പോൾ അദ്ദേഹം വളരെ അധ്വാനത്തോടെ ഇത് പ്രാവർത്തികമാക്കുകയും ആളുകളോട് പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്തു. അദ്ദേഹം വസിയ്യത്ത് വകുപ്പ് കമ്പ്യൂട്ടർ വൽക്കരിക്കുകയും ഓർഗനൈസ്ഡ് ആക്കുകയും ചെയ്തു.

പരേതൻ നമസ്കാരം, നോമ്പ്, ഖുർആൻ പാരായണം തുടങ്ങിയവ കൃത്യമായി പാലിച്ചിരുന്നു. പ്രസന്നവദനനും സമാധാന സ്വഭാവത്തിന്റെ ഉടമയും കുറച്ച് സംസാരിക്കുകയും സ്നേഹത്തോടെ പെരുമാറുകയും ചെയ്യുന്ന നല്ലൊരു സഹതാപിയും ആത്മാർഥതയുമുള്ള മനുഷ്യനായിരുന്നു. ഖിലാഫത്തിനോട് വിശ്വാസത്തിന്റെ അചഞ്ചലമായ ബന്ധമായിരുന്നു. ഹജ്ജ് ചെയ്യാനുള്ള ഭാഗ്യവും അദ്ദേഹത്തിന് ലഭിച്ചു. പരേതൻ മൂസിയായിരുന്നു. സന്തപ്തകുടുംബത്തിൽ ഭാര്യ ജമീല റഹ്മാനി സാഹിബയ്ക്ക് പുറമെ ഒരു മകൻ ഖാലിദ് റഹ്മാനിയും മകൾ ആയിശായുമുണ്ട്. ഇദ്ദേഹം അൽ ഇസ്‌ലാം വെബ്സൈറ്റിന്റെ ചെയർമാൻ ഡോക്ടർ റഹ്മത്തുല്ലാ സാഹിബിന്റെ ഭാര്യാസഹോദരനുമാണ്.

ശെയ്ഖ് ത്വാഹിർ സാഹിബ് മുറബ്ബി സിൽസില എഴുതുന്നു. എല്ലാ മാസവും മസ്ജിദ് ഫള്‌ലിൽ വരുമായിരുന്നു. ചന്ദയുടെ വലിയ തുകകൊടുത്ത് രസീതു വാങ്ങിപ്പോകുമായിരുന്നു. അക്കാലത്ത് എനിക്ക് അദ്ദേഹത്തോട് കുറച്ചു പരിചയമേയുണ്ടായിരുന്നുള്ളൂ. പക്ഷേ, അദ്ദേഹത്തിന്റെ സ്വഭാവത്തിൽ അതിന്റെ സൽസ്വാധീനമുണ്ടായി. വിശദമായി പരിചയപ്പെടുന്നത് 1990-ലാണ്. സൗത്താളിൽ മുറബ്ബിയായി നിയമിതനായപ്പോൾ പറയുന്നു, അക്കാലത്ത് ഞാൻ സൗത്താളിന്റെ സ്വദ്റുമായിരുന്നു, മിഷൻഹൗസിന്റെ പരിപാലനം തന്റെ വീടെന്നപോലെ ചെയ്തിരുന്നു. അധികസമയവും മിഷൻഹൗസിലുണ്ടാകും. അത് വൃത്തിയാക്കുകയും മറ്റും ചെയ്യുമായിരുന്നു. മിഷൻഹൗസിന്റെ വികസനവും അദ്ദേഹത്തിന്റെ കാലത്താണ് നടന്നത്. വളരെ മര്യാദ പാലിക്കുന്നയാളായിരുന്നു. വലിയവരോടും ചെറിയവരോടും സ്നേഹത്തോടെ പെരുമാറിയിരുന്നു. ജമാഅത്തിന്റെ പണം സൂക്ഷ്മതയോടെ കൈകാര്യം ചെയ്തിരുന്നു. നിസ്വാർഥനായ മനുഷ്യനായിരുന്നു. അദ്ദേഹത്തിന്റെ സവിശേഷഗുണത്തിലൊന്ന് അതിയായ വിനയമായിരുന്നു. ഖിലാഫത്തിനോട് അതിയായ കൂറുമുണ്ടായിരുന്നു. അതിൽ ഒരുപാട് മുന്നിട്ടുപോയിരുന്നു. അങ്ങനെയുള്ളവർ വളരെ കുറച്ചേ ഉണ്ടാകാറുള്ളൂ. അല്ലാഹു അദ്ദേഹത്തോട് മഗ്ഫിറത്തോടും കരുണയോടുംകൂടി പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാനും സ്വായത്തമാക്കാനും ഭാഗ്യം ഉണ്ടാകുമാറാകട്ടെ.

രണ്ടാമത്തെ ജനാസ ഗായിബാണ്. റഹ്മാനിയ സാഹിബിന്റെ ഈ ജനാസ ഹാജറാണ്. ജുമയ്ക്കു ശേഷം ഇൻശാഅല്ലാ നമസ്കരിക്കുന്നതായിരിക്കും. അതിനോടൊപ്പം മറ്റു ചില ഗായിബായ ജനാസയും നമസ്കരിക്കുന്നതാണ്. ഗായിബ് ജനാസയിൽ ആദ്യത്തേത് ത്വാഹിർ ആഗ് മുഹമ്മദ് സാഹിബിന്റേതാണ്. ഇദ്ദേഹം ബുർക്കിനോഫാസോയിലെ ഡോറിയിലെ മഹ്ദിയാബാദുകാരനാണ്. കഴിഞ്ഞദിവസം വഫാത്തായി. 44 വയസ്സായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. മിഷണറി ഇൻചാർജ്ജ് സാഹിബ് എഴുതുന്നു. ഇദ്ദേഹത്തിന്റെ പിതാവ് 1999-ലാണ് ബയ്അത്ത് ചെയ്തത്. പക്ഷേ, ഇദ്ദേഹം അപ്പോൾ ബയ്അത്ത് ചെയ്തിരുന്നില്ല. പിന്നീട് 19-ാം വയസ്സിൽ കാലിൽ ബുദ്ധിമുട്ടുണ്ടായി. വാഗോഡോഗോയിൽ ചികിത്സയ്ക്കുപോയി. രോഗാവസ്ഥയിൽ അദ്ദേഹം ഒരുപാട് പ്രാർഥിച്ചു; അല്ലാഹു നേർമാർഗ്ഗം കാണിച്ചുതരാൻ. അഹ്മദിയ്യത്ത് സത്യമാണെങ്കിൽ എനിക്ക് വഴികാട്ടിയാലും. യുവത്വകാലത്ത് ദീനിനെ കുറിച്ച് പഠിക്കുന്നതിൽ അദ്ദേഹത്തിന് വലിയ താൽപര്യമായിരുന്നു. അല്ലാഹുവിനോട് ദുആ ചെയ്തു. ചികിത്സയ്ക്കിടയിൽകണ്ട വിവിധ സ്വപ്നങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് മനസമാധാനം കിട്ടി. മടങ്ങിവന്ന് ബയ്അത്ത് ചെയ്തു. പിന്നീട് അദ്ദേഹം ജമാഅത്തിന്റെ തുന്നൽകേന്ദ്രത്തിൽ വന്ന് തുന്നലും പഠിച്ചു. അതിനെ തന്റെ ജീവിതമാർഗ്ഗമാക്കി. ഈദുൽ ഫിത്റിന് ബുർക്കിനാഫാസോയിലെ ശുഹദാക്കളുടെ കുടുംബങ്ങളുടെ വസ്ത്രങ്ങൾ തുന്നണമായിരുന്നു. അവരുടെ വസ്ത്രങ്ങൾ തുന്നാൻ ഒരു തുന്നൽകാരനും തയ്യാറായില്ല. അവിടുത്തെ മുറബ്ബി സാഹിബ്(റാണ ഫാറൂഖ് സാഹിബ്) ഇദ്ദേഹത്തോട് ചോദിച്ചു. അപ്പോൾ അദ്ദേഹം ആ ജോലി ചെയ്യാമെന്ന് പറഞ്ഞു. അങ്ങനെ ഭാര്യയും ഭർത്താവും രാപകൽ ജോലി ചെയ്ത് 70 ആളുകളുടെ വസ്ത്രങ്ങൾ പെരുന്നാളിനു മുമ്പേ അയച്ചു. മുഹമ്മദ് സാഹിബ് തബ്‌ലീഗിന് താൽപര്യമുള്ള ആളായിരുന്നു. മാന്യമായി സംസാരിക്കുമായിരുന്നു. വിദ്യാഭ്യാസം കുറവായിരുന്നുവെങ്കിലും, ഇല്ലെന്നുതന്നെ പറയാം. പക്ഷേ, ഫ്രഞ്ച് ഭംഗിയായി സംസാരിക്കുമായിരുന്നു. കാൻസർ രോഗം കാരണം അദ്ദേഹത്തിന്റെ കാല് മുട്ടിന് മീതെ വെച്ച് മുറിച്ചിരുന്നു. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ രോഗം പെട്ടെന്ന് മൂർച്ഛിച്ചു. കാല് മുറിച്ച ഭാഗത്ത് നീരു വന്ന് വീർത്തു. രാജ്യത്തിന്റെ അവസ്ഥകൾ അപ്പോൾ വളരെ മോശമായിരുന്നു. എല്ലാ വഴിയും അടഞ്ഞിരുന്നു. വാഗാഡോഗോയിൽ ഉണ്ടായിരുന്ന വലിയ ആശുപത്രിയിൽ പോകാൻ കഴിഞ്ഞില്ല. അതുകൊണ്ട് അവിടത്തെ തദ്ദേശ ആശുപത്രിയിൽ കുറച്ച് ദിവസം കിടന്നു. അവിടെയാണ് അദ്ദേഹം വഫാത്തായത്. അഹ്മദിയായതുമുതൽ അദ്ദേഹത്തിന് തബ്‌ലീഗിൽ വലിയ താൽപര്യമായിരുന്നു. എപ്പോഴും എന്തെങ്കിലും വഴി കണ്ടെത്തുമായിരുന്നു. സ്മാർട്ട്ഫോൺ വാങ്ങിയപ്പോൾ തന്റെ ഇമാം അൽഹാജ് ഇബ്റാഹിം ബദ്ഗാ സാഹിബിനോട് അതിൽ തബ്‌ലീഗ് പരിപാടി റെക്കോർഡ് ചെയ്ത് ആളുകൾക്ക് അയച്ചുകൊടുക്കാൻ പറഞ്ഞു. ഇപ്രകാരം തബ്‌ലീഗ് ചെയ്തിരുന്നു. അതിന്റെ ചെലവും സ്വയം വഹിച്ചിരുന്നു. സന്തപ്ത കുടുംബത്തിൽ അദ്ദേഹത്തിന്റെ രണ്ട് ഭാര്യമാരുണ്ട്. ആൺമക്കളും പെൺമക്കളുമായി 5 കുട്ടികളുണ്ട്. അല്ലാഹു അവർക്ക് സഹനം നല്കുമാറാകട്ടെ. ധൈര്യം നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ മുന്നോട്ടുകൊണ്ടുപോകാൻ അനുഗ്രഹം നല്കുമാറാകട്ടെ. പരേതന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

അടുത്ത ജനാസ ഖാജ ദാഊദ് അഹ്മദ് സാഹിബിന്റേതാണ്. മെയ് 25-ന് 80-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ ഒരു മകൻ ഫഹദ് അഹ്മദ് കീരിയാബാസിൽ മുറബ്ബിയാണ്. പറയുന്നു, ഞങ്ങളുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് എന്റെ പിതാമഹൻ ഖാജാ അബ്ദുൽ ലത്വീഫ് സാഹിബ് ബിൻ ഖാജാ അഹ്മദ് ദീൻ സാഹിബ് മുഖേനയാണ്. പിതാമഹന്റെ പരിപാലനം അദ്ദേഹത്തിന്റെ മാതാമഹൻ ഖാജാ ഗുലാം മുഹമ്മദ് സാഹിബിന്റെ വീട്ടിലാണ് നടന്നത്. അദ്ദേഹം ദൈവാനുഗ്രഹത്താൽ അഹ്മദിയായിരുന്നു. എന്റെ പിതാമഹൻ അദ്ദേഹത്തിന്റെ പരിപാലനത്തിൽ 1917-ൽ ഏകദേശം 11 വയസ്സുള്ളപ്പോൾ ബയ്അത്ത് ചെയ്തു. അങ്ങനെ തന്റെ സഹോദരീസഹോദരന്മാരിൽ അദ്ദേഹം ഏക അഹ്മദിയായി. കാനഡയിൽ ദീർഘകാലം അദ്ദേഹത്തിന് ജമാഅത്തിന് സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. ആദ്യം പാക്കിസ്താനിൽ ഇസ്‌ലാമാബാദ് ജമാഅത്തിൽ അദ്ദേഹത്തിന് കുറേകാലം സേവനം ചെയ്യാൻ കഴിഞ്ഞു. 1974-ൽ ഇസ്‌ലാമാബാദിലെ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഖാഇദ് എന്ന നിലയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ പാക്കിസ്താൻ ദേശീയ അസംബ്ലിയിൽ പോയ അവസരത്തിലും അദ്ദേഹത്തിന് സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. ഇതുസംബന്ധമായി ഹദ്റത്ത് ഖലീഫത്തുൽ മൂന്നാമൻ അദ്ദേഹത്തെ കുറിച്ച് സന്തോഷം പ്രകടിപ്പിച്ചു. ജോലിയുടെ അടിസ്ഥാനത്തിൽ ഇദ്ദേഹം സിവിൽ ഇഞ്ചിനീയറായിരുന്നു. ഖിലാഫത്തിനോട് വളരെ സ്നേഹവും അതിയായ വിശ്വാസവുമായിരുന്നു. ജമാഅത്തുപരമായ സേവനങ്ങൾ വളരെ നല്ലരീതിയിൽ എപ്പോഴും നിർവ്വഹിച്ചുകൊണ്ടേയിരുന്നു. വഫാത്തിന്റെ നേരത്ത് തദ്ദേശ സെന്ററിലുണ്ടായിരുന്നു. ജമാഅത്തിന്റെ മജ്‌ലിസെ ആമിലായുടെ മീറ്റിംഗിലായിരുന്നു. വീട്ടിലേക്ക് മടങ്ങുന്നതിന് അല്പനേരം മുമ്പേ നെഞ്ചിൽ കുറച്ച് ബുദ്ധിമുട്ട് അനുഭവപ്പെട്ടു. കുറച്ചു മിനുട്ടുകൾക്കുള്ളിൽ തന്റെ യജമാനനിലേക്ക് മടങ്ങുകയും ചെയ്തു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പരേതൻ മൂസിയായിരുന്നു. സന്തപ്തകുടുംബത്തിൽ ഭാര്യക്ക് പുറമെ 4 പെൺകുട്ടികളും 1 മകനുമുണ്ട്. മകൻ വാഖ്ഫെ സിന്ദഗിയാണ്. കേരിബാസിൽ മുറബ്ബിയാണ്. മുബല്ലിഗാണ്. ജൽസയുടെ തിരക്കും ജമാഅത്തുപരമായ തിരക്കും കാരണത്താൽ കാനഡയിൽ വരാൻ കഴിഞ്ഞില്ല. തന്റെ പിതാവിന്റെ ജനാസയിലും പങ്കെടുക്കാൻ കഴിഞ്ഞില്ല. അല്ലാഹു അദ്ദേഹത്തിന് ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. പരേതന് മഗ്ഫിറത്ത് നല്കുമാറാകട്ടെ.

അടുത്ത ജനാസ സയ്യിദ് തൻവീർ ശാഹ് സാഹിബിന്റേതാണ്. ഇദ്ദേഹവും കാനഡയിലെ സസ്കാൻ ടൂൺ നിവാസിയാണ്. ഇദ്ദേഹം കഴിഞ്ഞ

(ശേഷം പേജ് 12ൽ)

# ഹദ്‌റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

**(2015 മെയ്, ജൂൺ)** വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**വാല്യം8 ലക്കം 28 പേജ് 12 കോളം 1 ൽ നിന്ന് തുടർച്ച..**

**2015 ജൂൺ 7 ഞായറാഴ്ച**

ബെൽജിയത്തു നിന്ന് വന്ന ഒരു അറബ് സ്നേഹിതൻ ചോദിച്ചു:ഒരു ദിവസം ഞാൻ ജമാഅത്തിന്റെ വെളിയിലൂടെ പോകുകയായിരുന്നു. മിഷന്റെ മുമ്പിൽ കലിമ ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് എഴുതിയിരിക്കുന്നതു കണ്ടു. അപ്പോൾ ഞാൻ ഉള്ളിൽ പോയി. ഇപ്രകാരം ഞാൻ ആദ്യമായി ജമാഅത്തിന്റെ സ്നേഹിതന്മാരുമായി ബന്ധപ്പെട്ടു. അവിടുത്തെ മുബല്ലിഗുമായി കണ്ടു. അഹ് മദിയ്യത്തിനെ കുറിച്ച് സംസാരം നടന്നു. അദ്ദേഹം നാലു ദിവസം വന്ന് നമസ്കരിച്ചു. ഇപ്രകാരം ബന്ധം ശക്തമായി. പിന്നീട് ഞാൻ അഹ്മദികളുമായി ബന്ധം വെക്കാൻ തുടങ്ങി. ഞാൻ അഹ് മദിയ്യ മസ്ജിദിൽ നമസ്കരിക്കുമ്പോൾ മറ്റു മസ്ജിദുകളെ അപേക്ഷിച്ച് ഇവിടെ കൂടുതൽ മനഃശ്ശാന്തി കിട്ടിയിരുന്നു.

ഞാനിവിടെ വന്നതു മുതൽ ഹുദൂറിനെ കാണുമ്പോൾ അത്ഭുതകരമായൊരു അവസ്ഥയാണ് എനിക്കുണ്ടായത്. എന്താണ് സംഭവിച്ചതെന്ന് എനിക്ക് മനസ്സിലായില്ല. ഞാൻ കരയാൻ തുടങ്ങി. എനിക്ക് എന്നെത്തന്നെ ഒരു പുതിയ മനുഷ്യനായി തോന്നുന്നു. ഹുദൂർ അൻവറിന്റെ അനുഗൃഹീത മുഖ കമലത്തിൽ ദൃഷ്ടി പതിയുമ്പോഴെല്ലാം ഇതൊരു കള്ളനാവുകയില്ലെന്ന് എന്റെ മനസ്സ് സാക്ഷ്യം നല്കുന്നു. അദ്ദേഹം രാപ്പകൽ നമ്മുടെ ശ്രേയസ്സിനും മാർഗദർശനത്തിനുംവേണ്ടി പ്രവർത്തിക്കുന്നു. ഇപ്പോൾ ഞാൻ അഹ്മദിയ്യത്തിനോടൊപ്പമാണ്. ദുആ ചെയ്യുക. എനിക്കെതിരെ എതിർപ്പു തുടരുകയാണ്. ഞാൻ നിഷേധി യായിരിക്കുന്നുവെന്നാണ് ജനങ്ങൾ ധരിച്ചിരിക്കുന്നത്.

സ്പെയിനിൽനിന്നു വന്ന ഒരു നവഅഹ്മദി പറയുന്നു:ആദ്യമായാണ് ഇവിടെ ജൽസയിൽ വരുന്നതും ഹുദൂർ അൻവറുമായി കൂടിക്കാഴ്ചക്കുള്ള സൗഭാഗ്യം ലഭിക്കുന്നതും. വളരെ അടുത്തുനിന്ന് ഹുദൂറിനെ ദർശിച്ചു. അല്ലാഹു ഹുദൂറിന്റെ നിഴലിൻകീഴിൽ എന്നും ഞങ്ങൾക്ക് സമാധാനം നല്കുമാറാകട്ടെ.

സ്പെയിനിൽനിന്നുവന്ന ഒരു അറേബ്യക്കാരനായ നവഅഹ്മദി സ്നേഹിതൻ പറയുന്നു: ജമാഅത്തിന്റെ സത്യതയാണ് എന്നെ ഏറ്റവുമധികം സ്വാധീനിച്ചത്. ജമാഅത്തിനെ എതിർത്തുകൊണ്ട് കളവ് പറയുന്നവരുടെ കള്ളത്തരമാണ് ഇതിന്റെ സത്യത മനസ്സിലാക്കുന്നതിൽ എനിക്കു നിമിത്തമായത്. ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചു.

*അറേബ്യൻ അതിഥികളുമായുള്ള ഈ കൂടിക്കാഴ്ച 08.20ന് അവസാനിച്ചു.*

ക്രൊയേഷ്യൻ, ജർമൻ പത്രപ്രവർത്തകർ ഹുദൂറിനെ കാണുന്നു

ക്രൊയേഷ്യയിൽ നിന്ന് രണ്ടും ജർമനിയിൽനിന്ന് ഒരു വനിതയും ഹുദൂറിനെ ഇന്റർവ്യൂ ചെയ്യാനെത്തിയിരുന്നു. ക്രൊയേഷ്യൻ വനിതാ പത്രപ്രവർത്തകർ ജൽസയുടെ വിവിധ പ്രോഗ്രാമുകളുടേയും കാഴ്ചകളുടേയും ഡോക്യുമെന്ററി ഫിലിം തയ്യാറാക്കിയിരുന്നു. ക്രൊയേഷ്യയിലേക്ക് മടങ്ങിയതിനുശേഷം അവിടുത്തെ ടീവിയിൽ ഇത് സംപ്രേഷണം ചെയ്യുവാനും പരിപാടി ഇട്ടിരുന്നു.

പതിനേഴര ലക്ഷത്തിലധികം വായനക്കാരുള്ള ജർമനിയിലെ ഏറ്റവും വലിയ ഓൺലൈൻ പത്രപ്രവർത്തക തയ്യാറാക്കിയ ഫിലിം രണ്ടു ഭാഗമായാണ് പ്രസിദ്ധീകരിക്കുക. ഇപ്രകാരം 34 മില്യൺ ആളുകളിലേക്ക് ഈ സന്ദേശമെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ജർമൻ പത്രപ്രവർത്തക:**ഈ സമയത്തെ ഏറ്റവും ഗുരുതരമായ പ്രശ്നം യുവാക്കൾ ദൈവത്തിൽ നിന്നകന്നു പോകുന്നു എന്നതാണെന്ന് അങ്ങ് ജർമൻ പത്രങ്ങൾക്ക് നല്കിയ അഭിമുഖത്തിൽ പറഞ്ഞിരുന്നു. ഇതുകൊണ്ടെന്താണ് അങ്ങ് വിചാരിക്കുന്നത്?

**ഹുദൂർ അൻവർ:** യുവാക്കൾ മാത്രമല്ല, പ്രത്യുത ജനങ്ങളിലെ ബഹുഭൂരിപക്ഷവും മതത്തിൽ നിന്നകന്നു പോകുന്നു. ദൈവത്തിൽത്തന്നെ വിശ്വാസമില്ലാതായിരിക്കുന്നു എന്ന നിലയിലേക്ക് എത്തിയിരിക്കുന്നു. അതുകൊണ്ട് യുവാക്കളിലേക്ക് മാത്രം ഇതിനെ പരിമിതപ്പെടുത്തേണ്ടതില്ല. മറ്റുള്ളവരും ഇതിൽപ്പെടുന്നു. നൈരാശ്യം കാരണത്താലാണ് തീവ്രവാദമുണ്ടാകുന്നതെന്നും അതിൽ യുവ തലമുറയും ഉൾപ്പെടുന്നുവെന്നുമാണ് ഞാൻ പറഞ്ഞത്. ഇതിന് വളരെയധികം കാരണങ്ങളുണ്ടെന്നും തൊഴിലില്ലായ്മയും നിവർത്തിയടയാത്ത ചില മോഹങ്ങൾപോലെയുള്ള വിവിധ കാര്യങ്ങളാണെന്നും ഞാൻ പറഞ്ഞിരുന്നു. അത്തരം സാഹചര്യങ്ങളിൽ സ്വന്തം ഹൃദയങ്ങളെ തൃപ്തിപ്പെടുത്താൻ മറ്റേതെങ്കിലും കാര്യങ്ങളാവശ്യമായി വരുന്നു. എന്നാലിവർക്ക് മാർഗദർശനം നൽകാൻ ആരുമില്ലാത്തതു കൊണ്ട് ചൊവ്വായ വഴിയിൽ സഞ്ചരിക്കുന്നതിനുപകരം വഴിതെറ്റിക്കുന്നവരുടെ ലക്ഷ്യമായി മാറുന്നു. ഇതിന് പല കാരണങ്ങളുണ്ട്. ആ സമയത്തുണ്ടായ കൃത്യമായ ചോദ്യമെന്തെന്ന് എനിക്ക് ഓർമയില്ല. താങ്കളുടെ മനസ്സിൽ എന്തെങ്കിലും ചോദ്യമുണ്ടെങ്കില് ഉന്നയിക്കാവുന്നതാണ്.

**ജർമൻ പത്രപ്രവർത്തക:**തീവ്രവാദത്തിലേക്ക് നയിക്കുന്നവരാണ് ആക്ഷേപവിധേയരെന്നും മറ്റവരല്ലെന്നും താങ്കളൊരിക്കൽ പറഞ്ഞിരുന്നു?

**ഹുദൂർ അൻവർ:**ഞാനൊരിക്കലും ഇത് പറഞ്ഞിട്ടില്ല. സ്വന്തം ദുഷ്പ്രവർത്തികൾ കാരണത്താൽ ഈ യുവാക്കളെ വേട്ടയാടുന്നവരാണ് കുറ്റവാളികളെന്നും അവരുടെ വേട്ടയിൽവരുന്ന യുവാക്കളല്ലെന്നുമാണ് ഞാൻ പറഞ്ഞത്. എന്നല്ല, അവരിൽ ചിലർ നിഷ്കളങ്കരുമാണ്. നാമമാത്ര മൗലവിമാർ ഇവരെ ദുർമാർഗത്തിൽ നടത്തുകയാണ്.

**പത്ര പ്രവർത്തക:**ഈ നിലയിൽ അഹ്മദിയ്യാ ജമാഅത്ത് എന്താണ് ചെയ്യുന്നത്?

**ഹുദൂർ അൻവർ:**സാധ്യമാകുന്നതെല്ലാം ഞങ്ങൾ ചെയ്യുന്നു. നോക്കുക, രണ്ടു കാര്യങ്ങളുണ്ട്. പൊതുവായ രീതിയിൽ ഞങ്ങൾക്കെന്തു ചെയ്യാൻ കഴിയും? ഇതു സംബന്ധമായി ഇസ്ലാമിന്റെ യഥാർഥ അധ്യാപനമായ സ്നേഹവും സഹവർത്തിത്വവും ഞങ്ങൾ പ്രചരിപ്പിക്കുന്നു. തീവ്രവാദത്തിലേക്ക് പോകുന്നതിനു പകരം ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ പിൻപറ്റാൻ ജനങ്ങളോട് പറയുന്നു. രണ്ടാമത്തെ കാര്യം ഞങ്ങളുടെ യുവതലമുറയുമായി ബന്ധപ്പെട്ടതാണ്. നിങ്ങൾക്കൊരിക്കലും ഒരു അഹ്മദി യുവാവിനെ ഇവരുടെ വേട്ടക്ക് വിധേയമായിട്ടുള്ളത് കാണുകയില്ല. അഥവാ ഈ നാമമാത്ര മൗലവിമാരുടെ കൈയിൽപ്പെട്ട് തീവ്രവാദിയായതായി കാണുകയില്ല.

**പത്ര പ്രവർത്തക:**അഹ്മദീ യുവാക്കളെ കൂടാതെ മറ്റുള്ളവർക്കുവേണ്ടി താങ്കളെന്താണ് ചെയ്യുന്നത്?

**ഹുദൂർ അൻവർ:**നോക്കുക, സന്ദേശമെത്തിക്കുക മാത്രമേ ഞങ്ങൾക്ക് സാധ്യമാകുകയുള്ളൂ. ഇതൊരു പ്രചാരണ സംഘടനയാണ്. നമ്മുടെ ജമാഅത്തിന്റെ ദൗത്യം തന്നെ പ്രചാരണമാണ്.

**ക്രൊയേഷ്യൻ പത്ര പ്രവർത്തക:**സന്ദേശമെത്തിക്കൽമാത്രം മതിയാവുകയില്ല. ഒരാത്മീയ മാർഗദർശി എന്ന നിലയിൽ അങ്ങയ്ക്കെന്തു ചെയ്യാൻ സാധിക്കും?

**ഹുദൂർ അൻവർ:**തബ്ലീഗ് ചെയ്യുന്നതിനോടൊപ്പം ഞങ്ങൾക്കെത്താൻ സാധിക്കുന്ന എല്ലാ പ്ലാറ്റ്ഫോമിനേയും അതിന് ഉപയോഗിക്കുകയും ചെയ്യുന്നു. ഏതെങ്കിലും പാർലമെന്റിനെ അഭിമുഖീകരിക്കാൻ അവസരം ലഭിക്കുമ്പോഴോ അഥവാ വിദ്യാസമ്പന്നർ ഒരുമിച്ചു കൂടുന്ന സ്ഥലങ്ങളിലോ ഇസ്ലാമിന്റെ യഥാർഥ അധ്യാപനത്തെ കുറിച്ച് ബോധ്യപ്പെടുത്താൻ ഞാനെപ്പോഴും ശ്രമിക്കുന്നു. നിങ്ങൾ പ്രവർത്തിക്കന്നത് ഇസ്ലാമിന്റെ യഥാർഥ അദ്ധ്യാപനമനുസരിച്ചല്ലെന്നാണ് പൊതുമുസ്ലിം വിഭാഗത്തോടും അഥവാ വിശിഷ്യ യുവാക്കളോടും ഞാൻ പറയുന്നത്. പരിമിത മാർഗങ്ങളിലൂടെ സാധ്യമാകുന്നതെല്ലാം ഞങ്ങൾ ചെയ്യുന്നു.

**ക്രൊയേഷ്യൻ പത്ര പ്രവർത്തക:**ഭാവിയിൽ അഹ്മദിയ്യാ ജമാഅത്ത് വളരെയധികം പുരോഗതി നേടുമെന്നും കൂടുതൽക്കൂടുതൽ ജനങ്ങൾ ഇതിൽ ആകൃഷ്ടരാകുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

**ഹുദൂർ അൻവർ:**ഞാനെന്നും ശുഭപ്രതീക്ഷ വെച്ചുപുലർത്തുന്നു.

**പത്ര പ്രവർത്തക:**കാലം മുന്നോട്ട് ഗമിക്കുന്നതിനോടൊപ്പം മതങ്ങളിലും മാറ്റങ്ങളുണ്ടാകുന്നു. ജനങ്ങൾ കാരണത്താൽ മതത്തിൽ മാറ്റം കൊണ്ടുവരണമെന്ന് അങ്ങ് കരുതുന്നുണ്ടോ? അഥവാ മതം കാരണത്താൽ ജനങ്ങളിൽ മാറ്റം കൊണ്ടുവരണോ?

**ഹുദൂർ അൻവർ:**ഇക്കാര്യം തന്നെയാണ് ഞാൻ ജുംആ ഖുതുബയിൽ വ്യക്തമാക്കിയത്. മതം ജനങ്ങൾക്ക് മാർഗ്ഗദർശനം നല്കുന്നു. ജനങ്ങൾ മതത്തിന് മാർഗ്ഗം നിർദ്ദേശിക്കാൻ തുടങ്ങിയാൽ പിന്നെ ഒരു മതത്തിന്റേയും ആവശ്യകത ശേഷിക്കുകയില്ല. ഇക്കാലഘട്ടത്തിലെ സോഷ്യലിസ്റ്റ് പാർട്ടി, എസ് ഡീ പി, ഗ്രീൻ പാർട്ടി, പോലെയുള്ള തരാതരം പാർട്ടികളിൽ ഓരോ പാർട്ടിയും സ്വന്തം പ്രകടന പത്രികക്കനുസരിച്ച് മതത്തെ പരിവർത്തനപ്പെടുത്തുന്നു.

അഹ്മദിയ്യാ ജമാഅത്തിന്റെ പ്രകടന പത്രിക വിശുദ്ധ ഖുർആനാണ്. മൂല മാർഗ്ഗദർശനം നമ്മുടേത് ഇത് തന്നെയാണ്. ഈ പരിശുദ്ധ ഗ്രന്ഥം മനുഷ്യ കുലത്തിന് മാർഗ്ഗദർശനം നല്കുന്നു എന്ന് നാം ദൃഢമായും വിശ്വസിക്കുന്നു. വിശുദ്ധ ഖുർആന് അവതീർണ്ണമായി ഏകദേശം 15 നൂറ്റാണ്ട് കടന്നു പോയതിനു ശേഷവും അത് സുരക്ഷിതമാണ്. വിശുദ്ധ ഖുർആനിന്റെ അദ്ധ്യാപനങ്ങളും വചനങ്ങളും എന്നും സുരക്ഷിതമായിരിക്കുമെന്ന് സൂചിപ്പിക്കുന്ന ഒരു വചനം വിശുദ്ധ ഖുർആനിലുണ്ട്. ഇക്കാര്യം ഇന്നു വരെ സത്യമാണെന്ന് സ്ഥാപിതമാകുന്നു. കാര്യങ്ങൾ ഇങ്ങനെ ആയിരിക്കുമ്പോൾ ഇതരരുടെ സഹായം തേടേണ്ടതിന്റേയോ മറ്റുള്ളവരിലേക്ക് നോക്കേണ്ടതിന്റേയോ ആവശ്യം നമുക്കെന്തിന്. താങ്കൾക്കുള്ള ഏത് പ്രശ്നവും അഥവാ വിശുദ്ധ ഖുർആന് വചനങ്ങൾ മനസ്സിലാകാതെ വന്നാൽ ഇസ്ലാമിക അദ്ധ്യാപനങ്ങളെ വഴിതെറ്റിപ്പിക്കുന്ന നാമമാത്ര മുസ്ലിം പണ്ഡിതന്മാരുടെ പാതയിൽ ചരിക്കാതെ നമ്മുടെ അടുക്കലേക്ക് വരിക. ശരിയായ ജ്ഞാനം നാം നല്കുന്നതാണ്.ഇസ്ലാമികാദ്ധ്യാപനങ്ങളിൽ

ഏതെങ്കിലും ഇക്കാലഘട്ടവുമായി ചേർന്നു വരുന്നില്ലെന്ന് താങ്കൾ കരുതുന്നെങ്കിൽ എന്നോട് പറയുക. വ്യക്തി താല്പര്യമാണ് കാര്യമെങ്കിൽ കൈകാര്യം ചെയ്യേണ്ടുന്ന മറ്റൊരു കാര്യമാണത്. വിശുദ്ധ ഖുർആനിൽ ഇല്ലാത്ത താങ്കൾ പറയുന്ന ഇക്കാലഘട്ടത്തിന് അനിവാര്യമായും ആവശ്യമുള്ള അടിസ്ഥാനപരമായ എന്തെങ്കിലും കാര്യം ഉണ്ടെങ്കിൽ ഒരു കാര്യം പറയുക.

**പത്ര പ്രവർത്തക**:അത്തരത്തിലുള്ള കാര്യമൊന്നുമില്ല. എന്നാൽ ജനങ്ങൾ ഏത് മതമനുസരിച്ചാണോ ചരിക്കുന്നത് പ്രസ്തുത മതത്തെ എന്ത് കൊണ്ട് മാറ്റത്തിന് വിധേയമാക്കിക്കൂടാ എന്നൊരു ചിന്ത മാത്രമാണ് എനിക്കുള്ളത്. ഏത് മതത്തിലാണോ ജനങ്ങൾ ചരിക്കുന്നത് ആ മതത്തില് മാറ്റം വരുത്താനുള്ള അവകാശം അവര്ക്ക് ലഭ്യമാക്കണം എന്നതാണ് എന്റെ വിചാരം.

**ഹുദൂർ അൻവർ**:എന്നാല് ചോദ്യം മറ്റൊന്നാണ്. ഏതു തരം മാറ്റത്തിന്റേയും ആവശ്യമെന്താണ്. വിശുദ്ധ ഖുർആൻ വെളിച്ചം വീശാത്ത ഒരു സാമ്പത്തിക പ്രശ്നവുമില്ല. വിശുദ്ധ ഖുർആനിൽ വിവരിക്കാത്ത ഏതെങ്കിലും ശാസ്ത്രീയ വീക്ഷണം ഉണ്ടെങ്കിൽ ശരി. വിശുദ്ധ ഖുർആനിൽ പരിഹാരം നിർദ്ദേശിക്കാത്ത ഏതെങ്കിലും സാമൂഹിക പ്രശ്നങ്ങളുണ്ടെങ്കിൽ അഥവാ കുടുംബ പ്രശ്നമുണ്ടെങ്കിൽ പറയുക. എന്നാൽ പ്രസ്തുത പ്രശ്നങ്ങളെ കുറിച്ചെല്ലാം വിശുദ്ധ ഖുർആനിൽ പരാമർശം ഉണ്ട്. അതിന്റെ പരിഹാരവും വിശദീകരിക്കുന്നുണ്ട്. എന്നിരിക്കെ ഇതിൽ മാറ്റത്തിന്റെ ആവശ്യം തന്നെ എന്താണ്.

ഇത് ഏതെങ്കിലും മനുഷ്യ നിർമ്മിത നിയമമല്ല. കുറച്ചു കാലത്തിനു ശേഷം മാറ്റം അനിവാര്യമായും കൊണ്ടു വരേണ്ടുന്ന ഏതെങ്കിലും ഭരണകൂടം ഉണ്ടാക്കിയ നിയമമല്ല. ഉന്നതനായ ദൈവത്തിൽ നിന്നും അവതീര്ണ്ണമായ ഗ്രന്ഥമാണ് ഇതെന്നാണ് നമ്മുടെ വിശ്വാസം. അപ്പോൾ പിന്നെ ഒരു തരത്തിലുള്ള മാറ്റത്തിന്റേയും ആവശ്യം ശേഷിക്കുന്നില്ല. ഈ ഗ്രന്ഥത്തിന്റെ വാക്യത്തിൽ പോലും ഒരു തരം മാറ്റത്തിന്റേയും ആവശ്യം നേരിടുന്നില്ല. വിശുദ്ധ ഖുർആൻ പറഞ്ഞ കാര്യം മനസ്സിലാക്കുക എന്നതു മാത്രമാണ് കരണീയം. വിശുദ്ധ ഖുർആനിനെ നല്ലവണ്ണം താങ്കൾ മനസ്സിലാക്കിയാൽ ഇതേ വചനങ്ങളിൽനിന്നും താങ്കൾക്ക് വിവിധങ്ങളായ വീക്ഷണങ്ങളും ചിന്തകളും ഉണ്ടാക്കാൻ സാധിക്കും. താങ്കളുടെ വിവേകത്തിന് അനുസരിച്ചായിരിക്കും അത്.

**പത്ര പ്രവർത്തക**:എനിക്ക് മറ്റൊരു ചോദ്യമുണ്ട്. മതത്തിൽ നിന്നും വിദൂരത്തിലാകുന്ന യൂറോപ്യർ തൃപ്തരല്ലെന്നും അസന്തുഷ്ടരാണെന്നും താങ്കൾ പ്രഭാഷണത്തിൽ സൂചിപ്പിച്ചു. എന്നാൽ ഞാൻ സ്വയം മതമനുസരിച്ച് പ്രവർത്തിക്കാതിരുന്നിട്ടും ഞാൻ സർവവിധേനയും സംതൃപ്തനാണ്.

**ഹുദൂർ അൻവർ**:നൂറു ശതമാനം പേരും അങ്ങനെയാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. ലബോറട്ടറിയിൽ എന്തെങ്കിലും സയൻസ് ടെസ്റ്റ് നടത്തുമ്പോൾ അതിന്റെ ഫലം 75 ശതമാനം ഗുണപ്രദമാകുന്നു. അപ്പോളതിനെ കുറിച്ച് ഗുണപ്രദമായ ഫലമെന്ന് നാം പറയുന്നു. എന്നു മാത്രമല്ല 65 ശതമാനം ലഭിക്കുമ്പോൾ തന്നെ വളരെ ഗുണപ്രദമായ ഫലം കിട്ടി എന്ന് ശാസ്ത്രജ്ഞർ പറയാറുണ്ട്. ഞാനും ഇക്കാര്യം മുന്നിൽ വെച്ചു കൊണ്ടാണ് പറഞ്ഞത്-----യൂറോപ്യൻ ജനത സംതൃപ്തരല്ലെന്നും തന്മൂലം നിരാശരുമാണെന്നും. എല്ലാ ഇടത്തിലും നൈരാശ്യം ദൃശ്യമാണ്. താങ്കൾ പൂർണ്ണ നിലയിൽ സംതൃപ്തനാണെങ്കിൽ നല്ലതാണ്. എന്നാൽ ചില ആഗ്രഹങ്ങൾ പൂർത്തിയായില്ല എന്ന് ചിലപ്പോഴൊക്കെ തോന്നുമ്പോൾ പൂർണ്ണ തൃപ്തയാണെന്ന് താങ്കൾക്ക് എങ്ങനെ പറയാൻ സാധിക്കും. ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം അധികരിക്കുന്നു എന്നാണ് ഞാൻ പറയുന്നത്. ചില ആഫ്രിക്കൻ ഏഷ്യൻ രാജ്യങ്ങളെ അപേക്ഷിച്ച് പാശ്ചാത്യ സമൂഹത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചമായിരുന്നിട്ടും ഇത് സംഭവിക്കുന്നു എന്നാണ് ഞാൻ പറയുന്നതിന്റെ ഉദ്ദേശ്യം.

**പത്രപ്രവർത്തക**:ഹുസൂറിന്റെ വീക്ഷണത്തിൽ ഈ നൈരാശ്യത്തിന്റെ പരിഹാരം മതം മാത്രമാണോ?

**ഹുദൂർ അൻവർ**:യഥാർഥ ആത്മാവോടു കൂടി മതമനുസരിച്ച് പ്രവർത്തിച്ചാൽ താങ്കൾക്ക് ശരിയായ സംതൃപ്തി കൈവരും.

**പത്രപ്രവർത്തക**:അത്തരത്തിലുള്ള ഒരു വ്യക്തിയെ എനിക്കറിയില്ല.

**ഹുദൂർ അൻവർ**:എനിക്ക് അറിയാം. താങ്കൾക്ക് താങ്കളുടെ അനുഭവം, എനിക്ക് എന്റെ അനുഭവം. താങ്കൾ ഭൗതിക ദൃഷ്ടിയിൽ നോക്കുന്നു എന്നതാണ് മൂലകാര്യം. ഞാൻ മതത്തിന്റെ ദൃഷ്ടിയിലാണ് നോക്കുന്നത്.

**ക്രൊയേഷ്യൻ വനിത**:ഇസ്ലാമുമായോ അഹമദിയ്യാ ജമാഅത്തുമായോ എനിക്ക് ഒരു ബന്ധവുമില്ല. ഇസ്ലാമുമായി ബന്ധപ്പെട്ട ഒരു മതചടങ്ങിൽ ഞാനാദ്യമായാണ് പങ്കെടുക്കുന്നത്. വ്യക്തിഗതമായി താങ്കളോടും അഹമദിയ്യാ ജമാഅത്തിനോടും നന്ദി പറയാന് ഞാന് ആഗ്രഹിക്കുന്നു. ഞാനും കൂടെയുള്ള സഹപ്രവർത്തകരും ഇവിടെ ഒരു ഡോക്യുമെന്ററി ഫിലിം തയ്യാറാക്കാനാണ് വന്നത്.

**ഹുദൂർ അൻവർ**:ഇവിടെ ഒരുമിച്ചു കൂടിയ മുപ്പത്തി ആറായിരം പേർ മതമനുസരിച്ച് പ്രവർത്തിക്കുന്നു എന്നത് ഒരു തെളിവാണ്. ഇവരിൽ ഒരാൾക്കും ഭൗതികമായ യാതൊരു താല്പര്യവും ലക്ഷ്യവും ഇല്ല. എന്നല്ല, ഇവർ ദൂരെ സ്ഥലങ്ങളിൽ നിന്നും പണം ചിലവഴിച്ച് ഇവിടെ വന്നു. മുസ്ലിം അല്ലാതിരുന്നിട്ടും സത്യമറിയാൻ ഇവിടെ വന്ന താങ്കളും ഒരു തെളിവാണ്.

**ജർമൻ പത്ര പ്രവർത്തക**:ജർമൻ ജനതക്ക് നല്കാനുള്ള താങ്കളുടെ സന്ദേശം എന്താണ്.-----

**ഹുദൂർ അൻവർ**:ജർമൻജനത തുറന്ന മനസ്സിന്റെ ഉടമകളാണ്. യൂറോപ്യൻ യൂണിയന്റെ സുരക്ഷിതത്വം നിലനിർത്താൻ നിങ്ങൾ ശ്രമിക്കുന്നു. സ്വന്തം രീതി തുടരണമെന്ന് തന്നെ ഞാൻ പറയും. നിങ്ങളുടെ രാജ്യം ഒരു നാൾ മുഴു യൂറോപ്പിന്റേയും നേതാവാകണം. നിങ്ങൾ ദുർബലരാകണമെന്ന് അമേരിക്ക ആഗ്രഹിക്കുന്നു. എന്നല്ല, ദൗർബല്യത്തിൽ നിന്നും കൂടുതൽ ദൗർബല്യത്തിലേക്ക് പോകണമെന്ന് ആഗ്രഹിക്കുന്നു. എന്നാൽ, നിങ്ങൾ സ്വന്തം രാജ്യത്തിന്റേയും ഭൂഖണ്ഡത്തിന്റേയും ഐക്യം നിലനിർത്താൻ ആഗ്രഹിക്കുന്നെങ്കിൽ ഐക്യത്തോടെ കഴിയേണ്ടി വരും.

ഈ ഇന്റർവ്യൂ 08.45വരെ നീണ്ടു നിന്നു. കാര്സ്രൂഹെ ജല്സാ ഗാഹില് നിന്നും ഫ്രാങ്ഫ്രട്ടിലെ ബൈത്തു സ്സബ്ബൂഹിലേക്ക് പോകാനായിരുന്നു ഹുസൂറിന്റെ അടുത്ത പ്രോഗ്രാം. താമസസ്ഥലത്തു നിന്നും ഹുസൂർ പുറത്തേക്ക് വന്നപ്പോൾ ലാഹോറിലെ ആദരണീയ മുനവ്വർ അഹ്മദ് സാഹിബ് ശഹീദിന്റെ കുടുംബവും മക്കളും ഒരു സ്ഥലത്ത് നില്ക്കുന്നുണ്ടായിരുന്നു. ബെല്ജിയത്തിൽ നിന്നും വന്നതാണ് ഈ കുടുംബം. ഹുസൂർ അൻവർ അനുകമ്പാ പുരസ്സരം അവരുടെ അടുക്കൽ നിന്നു. കുടുംബത്തോട് സംസാരിച്ചു. അവരുടെ അവസ്ഥ അന്വേഷിക്കുകയും കുട്ടികൾക്ക് സ്നേഹം നല്കുകയും ചെയ്തു.

**ശഹീദിന്റെ മകൾ**:ഹുദൂർ ഞങ്ങളുടെ വീട്ടിൽ എപ്പോഴാണ് വരിക?

**ഹുദൂർ അൻവർ**:നിങ്ങളുടെ വീട് എന്റെ യാത്രാ വഴിയിലാണ് വരുന്നതെങ്കിൽ ഇൻശാഅല്ലാഹ് കയറാം.

തുടർന്ന് ഹുസൂർ 08.50ന് ദുആക്ക് നേതൃത്വം നല്കി. യാത്രാ സംഘം ഇവിടെ നിന്നും ഫ്രാങ് ഫ്രട്ടിലേക്ക് പുറപ്പെട്ടു. ജല്സാ ഗാഹ് വളപ്പിൽനിന്നും ഹുസൂറിന്റെ വാഹനം പുറത്തേക്ക് വന്നതും വഴിയിൽ ഇരു ഭാഗത്തും നിന്നിരുന്ന ആയിരക്കണക്കിന് സ്ത്രീ പുരുഷന്മാരും കൊച്ചു മക്കളും സ്വന്തം കൈകൾ വീശി പ്രിയപ്പെട്ട ഇമാമിന് യാത്രയയപ്പ് നല്കി. തുടർച്ചയായി മുദ്രാവാക്യങ്ങൾ ഉയർന്നു. ഏകദേശം ഒരു മണിക്കൂർ നാൽപതു മിനുറ്റ് യാത്രക്കുശേഷം 10.30ന് ബയ്ത്തു സ്സുബൂഹിൽ ഹുദൂർ എത്തി. മസ്ജിദ് ഹാളിൽ മഗ്‌രിബ് ഇശാഅ് നമസ്കാരങ്ങൾ ജംആക്കി നമസ്കിരപ്പിച്ചു. തുടർന്ന് ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

**പുതു അഹമദികളുടെ വിശ്വാസ വർധക സംഭവങ്ങൾ**

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താല് 43 വ്യക്തികള്ക്ക് പ്രിയ ഹുദൂറിന്റെ അനുഗൃഹീത ഹസ്തങ്ങളിൽ ബൈഅത്ത് ചെയ്യാൻ ഭാഗ്യം ലഭിച്ചു. 9 വിവിധ സമൂഹങ്ങളിൽ പെട്ടവരാണിവർ. ഈ ഭാഗ്യവാന്മാരുടെ സന്തോഷം വിവരണാതീതമായിരുന്നു. ചിലർ പങ്കു വെച്ച സ്വന്തം അനുഭവങ്ങളും വികാരങ്ങളും ചുവടെ ചേർക്കുന്നു.

സ്പെയിനിൽ നിന്നുവന്ന് ജൽസയിൽ ബയ്അത്ത് ചെയ്ത അറബ് സ്നേഹിതനായ ഇദ്‌രീസ് സാഹിബ് പറയുന്നു:ജല്സയുടെ സംവിധാനവും ക്രമീകരണവും ഇത്രയും വലിയ സമ്മേളനവും ദർശിച്ചപ്പോൾ വിസ്മയിച്ചു പോയി. ഒരു ഖലീഫക്ക് പിന്നിൽ ഒരു മാല പോലെ കോർത്തതായിരുന്നു ഈ സമ്മേളനം. ഈ കാഴ്ച ആത്മപുളകം സൃഷ്ടിക്കുന്നതായിരുന്നു.

എന്റെ സന്തോഷം സീമാതീതമാണ്. ഓരോ ജൽസയിലും പങ്കാളിയാകണമെന്നതാണ് എന്റെ ആഗ്രഹം. കാരണം, ജൽസയോടുള്ള ഒരു

**• തിരുനബിയുടെ തിരുമൊഴികൾ •**

**അബൂഹുറൈറ നിവേദനം. നബി(സ) പറഞ്ഞു: 'നമസ്കാരത്തിന് ഇഖാമത്ത് വിളിച്ചാൽ, പിന്നെ ആ നിർബന്ധ നമസ്കാരമല്ലാത്ത നമസ്കാരം പാടില്ല' (മുസ്ലിം, ഹദീഥ് 263)**

**• തിരുനബിയുടെ തിരുമൊഴികൾ •**

**ഹദ്റത്ത് ആയിശ(റ) നിവേദനം. നബി(സ) നമസ്കാരം ആരംഭിച്ചിരുന്നത് തക്ബീർ കൊണ്ടായിരുന്നു. ഖിറാഅത്ത് അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ കൊണ്ടും(മുസ്ലിം, ഹദീഥ് 273)**


**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732

ത്വാലിബെ ദുആ: T.A. SUDHEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

ബന്ധം ഹൃദീയമായും ആത്മീയമായും എനിക്ക് സ്ഥാപിതമായിരിക്കുന്നു.

സ്പെയിനിൽ നിന്നുവന്ന ഒരു പുതു അഹ്മദി അറബ് സ്നേഹിതനായ മുഹമ്മദ് അല് അറബി സാഹിബ് പറയുന്നു:വിവിധ രാജ്യങ്ങളില് നിന്നുവന്ന അഹ്മദികളോടൊപ്പം ഈ മഹനീയ ജൽസയിൽ പങ്കെടുക്കാൻ സാധിച്ചതിൽ എനിക്ക് വളരെ സന്തോഷം ഉണ്ടായി. നിങ്ങളുടെ ഉത്തമ ആതിഥേയത്വത്തെ കുറിച്ചും സല് സ്വഭാവത്തെ കുറിച്ചും പുകഴ്ത്താതിരിക്കാൻ എനിക്ക് സാധിക്കില്ല. ധാരാളം ഇസ്ലാമിക ജമാഅത്തുകളെ ഞാൻ കണ്ടിട്ടുണ്ട്. അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങളെ പോലെ ഒരു കൈയ്യിൽ ഐക്യപ്പെട്ട മാതൃക മറ്റൊരു ജമാഅത്തിലും കണ്ടിട്ടില്ല.

സ്പെയിനിൽ താമസിക്കുന്ന മൊറോക്കോ അഹ്മദി സ്ത്രീയായ സഅ്ദ് ബിന്ത് സറൂഖ് സാഹിബ തന്റെ അനഹ്മദി സഹോദരി, സഹോദരീ ഭർത്താവ്, അവരുടെ രണ്ട് മക്കൾ എന്നിവരോടൊപ്പം ജൽസയിൽ പങ്കെടുക്കാൻ എത്തി. അവർ പറയുന്നു:എം. ടീ.എ യുടെ സ്ക്രീനിൽ ഞാൻ ഹുദൂറിനെ കണ്ടിരുന്നത്. എന്നാൽ, നേരിട്ട് ദർശിച്ചപ്പോൾ ഹുദൂർ അൻവറിന്റെ അനുഗൃഹീത മുഖകമലത്തിൽനിന്നു പ്രകാശം നിർഗമിക്കുന്നതായി അനുഭവപ്പെട്ടു. അപ്പോൾ അനിയന്ത്രിതമായി എന്റെ നാവിൽനിന്ന് വന്നു'അല്ലാഹുവാണ! ഇത് മനുഷ്യനല്ല, ഏതോ മലക്കാണ്.' ജൽസയിലൂടെ ഞങ്ങൾക്ക് വളരെ ആനന്ദമുണ്ടായി. ജല്സയിൽ പങ്കെടുത്ത ഓരോ വ്യക്തിയും ഉന്നത സ്വഭാവഗുണമാണ് പ്രദർശിപ്പിച്ചത്. അനഹ്മദി സഹോദരിയും അവരുടെ ഭർത്താവും മക്കളോടൊപ്പവുമാണ് ഞാൻ വന്നത്. ഹുസൂറിന്റെ പ്രഭാഷണങ്ങൾ ശ്രവിച്ച അവർ വളരെ പ്രഭാവിതരായി. ഉന്നതനായ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ജൽസയിൽ അവർ ബൈഅത്ത് ചെയ്തു. അവരുടെ സ്ഥിരചിത്തതക്കു വേണ്ടി ദുആക്കപേക്ഷിക്കുന്നു.

ആദരണീയ അബ്ദുല്ലാഹ് സാഹിബിന്റെ പിതാവ് പല വർഷങ്ങളായി അഹ്മദിയാണ്. അദ്ദേഹം തന്റെ പിതാവിനോടൊപ്പം റഷ്യയിലാണ് താമസിച്ചിരുന്നത്. എന്നാൽ പഠനത്തിനു വേണ്ടി ഇപ്പോൾ ഹോളണ്ടിലാണ് താമസിക്കുന്നത്. പിതാവ് തബ്ലീഗ് ചെയ്തിരുന്നെങ്കിലും അദ്ദേഹം ബൈഅത്ത് ചെയ്തിരുന്നില്ല. ഈ വർഷം പിതാവിനോടൊപ്പം അദ്ദേഹം ജൽസയിൽ പങ്കെടുക്കാൻ എത്തി. ജൽസയുടെ ആദ്യ ദിവസം നടന്ന ചോദ്യോത്തര പരിപാടിക്ക് ശേഷം നമ്മുടെ മുബല്ലിഗിൽ നിന്നും വാഗ്ദത്ത മസീഹ് (അ) ന്റെ സത്യതയെ സംബന്ധിച്ചുള്ള കാര്യങ്ങൾ ശ്രവിച്ചു. ഒടുവില് അദ്ദേഹത്തോട് ഇങ്ങനെ ദുആ ചെയ്യാൻ പറഞ്ഞു:'അല്ലാഹുവേ: ഈ വ്യക്തിയുടെ സത്യതയെ കുറിച്ച് ഗവേഷണം നടത്താനാണ് ഈ ജൽസയിൽ ഞാൻ വന്നത്. നീ എനിക്കു മാർഗദർശനം നല്കിയാലും. അബ്ദുല്ലാഹ് സീരീൻ സാഹിബ് പറയുന്നു: മുമ്പേയും ഞാൻ ദുആ ചെയ്തിരുന്നു. എന്നാൽ, ഒരു ഫലവുമിണ്ടായില്ല.

ദുആ ഒരു പ്രാവശ്യം ചെയ്യുന്നതു മതിയാകില്ലെന്നും ദുആക്ക് പല നിബന്ധനകളുണ്ടെന്നും വളരെ ഏകാഗ്രതയോടെ ഇക്കാര്യങ്ങൾ മുന്നിൽ വച്ചു ദുആ ചെയ്യണമെന്നും അദ്ദേഹത്തിന് മനസ്സിലാക്കി ക്കൊടുത്തു.

ജർമൻ അതിഥികളോടുള്ള ജൽസയുടെ രണ്ടാം ദിവസം നടന്ന ഹുദൂറിന്റെ പ്രഭാഷണം ശ്രവിച്ചതിനുശേഷം അബ്ദുല്ലാഹ് സീരിൻ സാഹിബ് പറഞ്ഞു:'ഖുർആനിൽ നിന്ന് എനിക്ക് ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ സത്യതയ്ക്കുള്ള ഒരു തെളിവ് തരിക.'

നമ്മുടെ മുബല്ലിഗ് അവർക്ക് ചുവടെ ചേർക്കുന്ന വചനങ്ങൾ പറഞ്ഞുകൊടുത്തു:വലൗ തഖവ്വല അലയ്നാ ബഅ്ളൽ അഖാവീൽ, എന്ന വചനവും ഇന്നല്ലദീന യഫ്തറൂന അല്ലാഹിൽകദിബലാ യുഫ് ലിഹൂൻ എന്ന വചനവും മുന്നിൽവച്ചുകൊണ്ട് വാഗ്ദത്ത മസീഹ്(അ) നല്കിയ ചില സുവാർത്തകളും ജമാഅത്തിന്റെ പുരോഗതിയെ സംബന്ധിച്ചും ചൂണ്ടിക്കാണിച്ചു. തുടർന്ന് സീരീൻ സാഹിബ് പറഞ്ഞു:ഞാൻ ബയ്അത്ത് ചെയ്യാനാഗ്രഹിക്കുന്നു. കാരണം, അല്ലാഹു എനിക്ക് അടയാളം കാണിച്ചിരിക്കുന്നു.

അടയാളമെന്താണെന്ന് അദ്ദേഹത്തോട് അന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:ഞാനിന്നലെ രാത്രി അല്ലാഹുവിനോടു വളരെ മനസ്സുരുകിയും ഏകാഗ്രതയോടും സുജൂദിൽ ദുആ ചെയ്തു. തുടർന്ന് ഉറങ്ങിയപ്പോൾ സ്വപ്നം കണ്ടു. ഒരു വലിയ ഭിത്തിയിൽ പ്രകാശിക്കുന്ന അക്ഷരങ്ങളിൽ അൽഅഹ്മദിയ്യ എന്ന് ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. അസാധാരണമായ ഒരു പ്രകാശം അതിൽനിന്നും നിർഗമിക്കുന്നു. തുടർന്ന് ഞാൻ ജൽസയിൽ വന്നു. ഹുദൂർഅൻവറിന്റെ ജർമൻ അതിഥികളുമായുള്ള പ്രഭാഷണം ശ്രവിച്ചപ്പോൾത്തന്നെ എനിക്കും ഹുദൂറിനോടൊപ്പം അദ്ദേഹത്തിന്റെ സമീപത്ത് നിൽക്കാൻ അവസരം ലഭിച്ചെങ്കിലെന്ന് എന്റെ മനസ്സിൽ ആഗ്രഹം ജനിച്ചു. കുറച്ച് സമയത്തിനുള്ളിൽ എനിക്ക് ഒരു മയക്കം വന്നു. സ്വപ്നത്തിൽ ഞാൻ ഹുദൂറിനോടൊപ്പം സ്റ്റേജിൽ നിൽക്കുന്നത് കണ്ടു..

ഇതിനു ശേഷം എന്റെ ഹൃദയത്തിൽ സത്യം അടിയുറച്ചു. കൂടുതൽ വിശാലതയും സമാധാനവും കൈവരാൻവേണ്ടി ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ സത്യതക്ക് ഖുർആനിൽനിന്നുള്ള തെളിവ് ചോദിച്ചു എന്ന് മാത്രമേയുള്ളൂ. ദുആക്കു ശേഷം ഹൃദയത്തിന് ശാന്തത കൈവന്നിരുന്നു എന്നതാണ് യാഥാർഥ്യം.

ജൽസയുടെ മൂന്നാമത്തെ ദിവസം നടന്ന സമൂഹ ബയ്അത്തിൽ അദ്ദേഹം പങ്കെടുത്തു.

ബെൽജിയമിൽനിന്നു വന്ന സംഘത്തിൽ ഒരു സ്നേഹിതൻ മുഹമ്മദ് അൽയാദി സാഹിബും ഉണ്ടായിരുന്നു. 40 വയസ്സിനോടടുത്ത് പ്രായമുണ്ട്. കഴിഞ്ഞ ഒരു വർഷമായി ജമാഅത്തിനെ കുറിച്ച് പഠിച്ചു വരുന്നു. ഹുദൂറുമായുള്ള കൂടിക്കാഴ്ചക്കു ശേഷം അദ്ദേഹത്തിന് ബയ്അത്ത് ചെയ്യാൻ തൗഫീഖ് ലഭിച്ചു. അദ്ദേഹം പറയുന്നു: കഴിഞ്ഞ 10 വർഷമായി ഞാൻ നമസ്കരിക്കുന്നു. എന്നാൽ, ഇവിടെ വന്നതിനു ശേഷം എനിക്ക് ലഭിച്ച സമാധാനം ജീവിതത്തിലൊരിക്കലും കിട്ടിയിട്ടില്ല. മുഹമ്മദ് അൽയാദി സാഹിബിനെ കുറിച്ച് ബെൽജിയം മുബല്ലിഗ് പറയുന്നു: മൂന്നു ദിവസവും ജൽസയുടെ ദൃശ്യങ്ങൾ കാണുമ്പോൾ കരയുകയായിരുന്നു. നീണ്ട ഒരു വർഷത്തെ തബ്ലീഗ് ഒരു ഭാഗത്തും ജൽസയുടെ മൂന്ന് ദിനങ്ങൾ ഒരു ഭാഗത്തും. വർഷം മുഴുവനും സാധിക്കാത്ത കാര്യങ്ങൾ മൂന്ന് ദിനങ്ങൾ ചെയ്തു കാണിച്ചു. ഇതു കേവലം അല്ലാഹുവിന്റെ അനുഗ്രഹത്താലും കാലത്തിന്റെ ഖലീഫയുടെ സാന്നിധ്യത്താലുമാണ് സാധ്യമായത്. ഹുദൂർ അൻവറിനെ കണ്ടതോടെ ഹൃദയത്തിന്റെ അവസ്ഥതന്നെ മാറിമറിഞ്ഞു.

കിഴക്കൻ ജർമനിയിൽനിന്നു വന്ന മൂന്ന് അതിഥികൾ ദൈവാനുഗ്രഹത്താൽ ഹുദൂർ അൻവറിന്റെ കൈയിൽ ബയ്അത്ത് ചെയ്തു. ശേഷം അവർ പറഞ്ഞു:ഇവിടെ വന്നതിനുശേഷം ആദ്യമായാണ് ഞങ്ങൾക്ക് ജമാഅത്തിനെ കുറിച്ചറിയാൻ കഴിഞ്ഞത്. ഖലീഫത്തുൽമസീഹിന്റെ വ്യക്തിത്വത്തെ ദർശിക്കുകയും അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ ശ്രവിക്കുകയും ചെയ്തതിനുശേഷം ബയ്അത്ത് ചെയ്യാനുള്ള തീരുമാനം എടുക്കുന്നതിൽ ഒരുവിധ ബുദ്ധിമുട്ടും ഉണ്ടായില്ല. ഈ സൗഭാഗ്യം ലഭിച്ചതിൽ നമുക്കു വളരെ സന്തോഷമുണ്ട്. മടങ്ങിപ്പോയി എല്ലാ സ്നേഹിതർക്കും അഹ്മദിയ്യത്തിന്റെ സന്ദേശങ്ങൾ എത്തിക്കുന്നതാണ്.

ഒരു സിറിയൻ യുവാവ് ബയ്അത്ത് ചെയ്തതിനുശേഷം മടങ്ങി വീട്ടിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ ഇളയച്ഛൻ ജമാഅത്തിനെ കുറിച്ചും ജൽസയെ കുറിച്ചും ചോദിച്ചറിഞ്ഞു. ജൽസയിൽ ശ്രവിച്ച കാര്യങ്ങൾ യുവാവ് വ്യക്തമാക്കി. അദ്ദേഹം ശ്രവിച്ച അഹ്മദിയ്യത്തിന്റെ വിശ്വാസങ്ങളെ സംബന്ധിച്ചും വിവരിച്ചു. ഇളയച്ഛനും ബയ്അത്ത് ചെയ്യാനാഗ്രഹം പ്രകടിപ്പിച്ചു. ജൽസയുടെ അടുത്ത ദിവസംതന്നെ സിറിയൻ യുവാവിന്റെ ഫോൺ വന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ സത്യതയെ കുറിച്ച് തനിക്ക് ഒരു സംശയവുമില്ലെന്നും ഈ അനുഗൃഹീത ജമാഅത്തിൽ എത്രയും പെട്ടെന്ന് പ്രവേശിക്കാൻ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

എർവിൻ ശേപിയ സാഹിബ് സ്വന്തം കുടുംബത്തോടൊപ്പം ഈ ജൽസയിൽ പങ്കെടുത്തു. ഇവർ രണ്ടുപേരും നിയമ വകുപ്പുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. ജൽസയിൽ പങ്കെടുക്കുന്നതിനു മുമ്പേ ഭാര്യ ബയ്അത്ത് ചെയ്തിരുന്നില്ല. എന്നാൽ, ജൽസയിൽ പങ്കെടുത്തതിനുശേഷം ഹുദൂർ അൻവ വറുമായുള്ള കൂടിക്കാഴ്ചക്കിടയിൽത്തന്നെ ബയ്അത്ത് ചെയ്യാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. ജൽസാ സാലാനയുടെ അനുഭവങ്ങൾ തികച്ചും അസാധാരണമാണ്. ഇവിടെ ദൃശ്യമായ സ്നേഹത്തിന്റേയും ആത്മാർഥതയുടേയും നിസ്വാർഥതയുടേയും സേവനം എന്റെ ഹൃദയത്തിൽ അസാധാരണ സ്വാധീനമുണ്ടാക്കി. എർവിൻ ശേപിയ സാഹിബിന്റെ ഭാര്യയെ കുറിച്ച് അവർ ഇതുവരെ ബയ്അത്ത് ചെയ്തിട്ടില്ലെന്ന് അറിഞ്ഞപ്പോൾ ഹുദൂർ അൻവർ പറഞ്ഞു:വക്കീലിനെ ബോധ്യപ്പെടുത്താൻ തെളിവുകളുടെ ആവശ്യമുണ്ട്. നിങ്ങളുടെ ഭർത്താവ് ഉറച്ച തെളിവുകളോടെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

എർവിൻ ശേപിയ സാഹിബിന്റെ ഭാര്യ:എന്റെ ഭർത്താവ് ജമാഅത്തിനെ സംബന്ധിച്ച് എനിക്ക് വളരെയധികം കാര്യം പറഞ്ഞു തന്നിരുന്നു. ഞാൻ കുറേ കാലമായി മനസ്സുകൊണ്ട് അഹ്മദിയ്യത്ത് സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാലിന്ന്, പൂർണ ഉറപ്പോടെ അഹ്മദിയ്യാ ജമാഅത്തിനെ സ്വീകരിക്കുന്നു.

ഇതു പറയുമ്പോൾ അവരുടെ കണ്ണ് നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

•••




## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**

(പേജ് 7ൽനിന്ന്)

ദിവസം പരാഗ്വയിൽ വഫാത്തായി. ഇദ്ദേഹം അവിടെ വഖ്ഫെ ആർസിയിൽ പോയതായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ അദ്ദേഹത്തിനും ഒരേയൊരു മകനെയുള്ളു;സയ്യിദ് രിളാ ശാഹ്. ഇദ്ദേഹം മുറബ്ബിയാണ്. തൻവീർ ശാഹ് സാഹിബിന്റെ മാതാവ് ഫർഖ് കാനം സാഹിബ തുർക്കിസ്താനിൽനിന്ന് തന്റെ സഹോദരൻ ഹാജി ജുനൂദുല്ലായും അവരുടെ മാതാവും ഖാദിയാനിൽ ബയ്അത്ത് ചെയ്യാൻ വന്നിരുന്നു. അദ്ദേഹത്തിന്റെ മകനെഴുതുന്നു: എന്റെ പിതാമഹൻ സയ്യിദ് ബശീർ ശാഹ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സ്വഹാബി ഹദ്റത്ത് സയ്യിദ് അബ്ദുസ്സത്താർ ശാഹ് സാഹിബിന്റെ ദൗഹിത്രനായിരുന്നു. ഇപ്രകാരം അവർക്ക് ഹദ്റത്ത് ഉമ്മുത്വാഹിറുമായും കുടുംബബന്ധമുണ്ട്. പരേതൻ ജമാഅത്തിനോടു വളരെ കൂറുള്ള അംഗമായിരുന്നു. തൻവീർ ശാഹ് സാഹിബ് എപ്പോഴും ജമാഅത്തിന്റെ സേവനത്തിന് തയ്യാറായിരുന്നു. അദ്ദേഹത്തിന്റെ മകനെഴുതുന്നു, ജമാഅത്തിന്റെ പരിപാടികളിൽ ഞങ്ങളെ നിർബന്ധമായും കൊണ്ടുപോകുമായിരുന്നു. എല്ലാ വെള്ളിയാഴ്ചയും സ്കൂളിൽനിന്ന് ലീവെടുത്ത് ജമുഅയ്ക്കു കൊണ്ടുപോകുമായിരുന്നു. ധനത്യാഗത്തിന് വളരെ പ്രാധാന്യം നല്കുമായിരുന്നു. എപ്പോഴും ശംബളത്തിൽനിന്ന് ഒരു ഭാഗം എപ്പോഴും മാറ്റിവെക്കുമായിരുന്നു. വീട്ടുകാരോടും ജമാഅത്തിനോടും അങ്ങനെ ചെയ്യാൻ പറയുമായിരുന്നു. തബ്ലീഗിന് വളരെ താൽപര്യമായിരുന്നു. എങ്ങനെ നമുക്ക് നല്ല രീതിയിൽ തബ്ലീഗു ചെയ്യാൻ കഴിയുമെന്ന് മിക്കപ്പോഴും പറയുമായിരുന്നു. പരാഗ്വേയിലും സന്തോഷത്തോടെ പറഞ്ഞു, അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ അവിടെ ബയ്അത്തുകളുമുണ്ടായി. ഉള്ളതുകൊണ്ടു കഴിയുക എന്ന സ്വഭാവം അദ്ദേഹത്തിലുണ്ടായിരുന്നു. ഒരിക്കലും സമ്പത്താഗ്രഹിച്ചിട്ടില്ല. അതിൽ ദുഃഖവുമില്ലായിരുന്നു. എന്താണോ അല്ലാഹു അദ്ദേഹത്തിന് നല്കിയത് അതിനെപ്പോഴും നന്ദി പ്രകടിപ്പിച്ചുകൊണ്ടിരുന്നു. എന്ത് ആവശ്യമുണ്ടായാലും അല്ലാഹു പൂർത്തിയാക്കുമെന്ന് അദ്ദേഹത്തിന് അല്ലാഹുവിൽ തവക്കുലും ദൃഢവിശ്വാസവുമുണ്ടായിരുന്നു. എന്തെങ്കിലും പ്രയാസമുണ്ടാകുമ്പോൾ പറയും, ദുആ ചെയ്യുക അല്ലാഹു നോക്കിക്കൊള്ളും. അല്ലാഹു നോക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ മകൻ പറയുന്നു: മുറബ്ബി എന്ന നിലയിൽ നിന്റെ ഉത്തരവാദിത്വം മനസ്സിലാക്കാൻനും ആത്മാർഥതയോടെ പ്രവർത്തിക്കാനും എന്നോടു നിരന്തരം പറയുമായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു:39 വർഷമായി ഞങ്ങളോടൊപ്പമുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തിൽ ഒരു കുറവും കണ്ടിട്ടില്ല. കാലത്തിന്റെ ഖലീഫയോടു ഒത്തിരി സ്നേഹവും കൂറുമുണ്ടായിരുന്നു. കുട്ടികളേയും അങ്ങനെയാകാൻ ഉപദേശിക്കുമായിരുന്നു. സ്വിറാത്വേ മുസ്തഖീമിൽ സ്വയം നടക്കുകയും കുട്ടികളെ നടത്തിക്കുകയും ചെയ്യുമായിരുന്നു. അവർ പറയുന്നു, ഞങ്ങളുടെ ജീവിതത്തന്നിടയിലൊരിക്കലും ആരേയും കുറിച്ച് ദോഷമായതൊന്നും പറഞ്ഞിട്ടില്ല. പിന്നെ ഭാര്യാവീട്ടുകാരുമായുള്ള ബന്ധവും ശ്രദ്ധിച്ചിരുന്നു. അവർ പറയുന്നു, എന്റെ മാതാവിന് എന്റെ ആവശ്യം നേരിട്ടപ്പോൾ സന്തോഷത്തോടുകൂടി എന്നെ അവരുടെ അടുത്തയച്ചു. പരാഗ്വേയിലെ മുറബ്ബി അബ്ദുന്നൂർ ബാത്വിൻ സാഹിബ് പറയുന്നു:കനഡയിൽ വിവിധ തസ്തികകളിൽ അദ്ദേഹത്തിന് സേവനം ചെയ്യാൻ തൗഫീഖ് കിട്ടിക്കൊണ്ടിരുന്നു. പക്ഷേ, അതിലൊന്നും അന്തസോ മേൽക്കോയ്മയോ പ്രകടിപ്പിക്കാനുള്ള ഒരു ഘടകവും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന് ജമാഅത്തിന് സേവനം ചെയ്യാൻ വലിയ താൽപര്യമുണ്ടായിരുന്നു. എവിടെപ്പോയാലും ആത്മാർഥതയോടെ തന്റെ കടമയാണെന്ന് മനസ്സിലാക്കി അങ്ങേയറ്റം സ്നേഹത്തോടെ ജോലി ചെയ്യുമായിരുന്നു. പറയുന്നു, അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് പരാഗ്വേ ജമാഅത്തിലെ യുവാക്കളിൽ അഗാധമായ സ്വാധീനമുണ്ടായിരുന്നു. അവരെ ക്ഷമയും ദയയും അതിഥിസൽക്കാരവും പഠിപ്പിച്ചു.

രിജാഅന ജമാഅത്തിന്റെ സ്വദ്ർ ഹബീബുർറഹ്മാൻ സാഹിബ് പറയുന്നു:ജമാഅത്തിലെ വളരെ ആത്മാർഥതയുള്ള ഖാദിമായിരുന്നു. മുഖത്ത് എപ്പോഴും മന്ദസ്മിതം കാണാമായിരുന്നു. അദ്ദേഹം ദ്വേഷപ്പെടുന്നത് ഞാനൊരിക്കലും കണ്ടിട്ടില്ല. വളരെ വിനയത്തോയും സ്നേഹത്തോടും കൂടി ജോലിക്കാരരെക്കൊണ്ട് പണിയെടുപ്പിച്ചിരുന്നു. സേവനം കാരണത്താൽ ഒരിക്കലും ക്ഷീണം കണ്ടിട്ടില്ല. അദ്ദേഹത്തിനുമേൽ എപ്പോഴും തന്റെ റബ്ബിന്റെ തൃപ്തി കരസ്ഥമാക്കണമെന്ന ചിന്ത സഞ്ചരിച്ചിരുന്നതുപോലെ തോന്നിയിരുന്നു. ഖിലാഫത്തിനോടു പരമമായ സ്നേഹമായിരുന്നു. പരാഗ്വേയിലെ ഒരു നവഅഹ്മദി ഇൽയ്യാസ് ഓലിവേറ സാഹിബ് പറയുന്നു:ഞാനദ്ദേഹത്തെ പരിചയപ്പെട്ടിട്ട് കുറച്ചു കാലമെ ആകുന്നുള്ളു. പക്ഷേ, ഈ ചെറിയ കാലത്ത് അദ്ദേഹം എനിക്കും എന്റെ സുഹൃത്തുക്കൾക്കും ഇസ്ലാമിന്റെ വഴിയിൽ പുതിയതായി വന്നവർക്കും മഹത്തായ ഒരു അനന്തരാവകാശ സ്വത്താണ് വിട്ടുംവെച്ച് പോയത്. അദ്ദേഹത്തിൽനിന്ന് ഞങ്ങൾ ക്ഷമ പഠിച്ചു. സഹായിയും സഹതാപിയും നല്ലവനുമാകാൻ പഠിച്ചു. പറയുന്നു, ആരെയെങ്കിലും എന്തെങ്കിലും പഠിപ്പിക്കണമെങ്കിൽ സംസാരിക്കേണ്ട ആവശ്യമെല്ലെന്ന് അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചു. പ്രത്യുത കർമപരമായി സേവനം ചെയ്യുക. അതുമുഖേന ആളുകൾ പഠിക്കുകയും ചെയ്യും തബ്ലീഗും നടക്കും. അല്ലാഹു പരേതനോടു മഗ്ഫിറത്തോടും മർഹമത്തോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ മക്കൾക്ക് ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. ഇവർക്ക് അദ്ദേഹത്തിന്റെ നന്മ തുടർന്നുകൊണ്ടു പോകാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

ഇപ്പോൾ ഒരു അനുസ്മരണം കൂടിയുണ്ട് ജമാഅത്തിന്റെ മുറബ്ബി റാണാ മുഹമ്മദു സഫ്റുല്ലാഹ് സാഹിബിന്റേത്. ഇദ്ദേഹം റാണാ അത്വാഉല്ലാഹ് സാഹിബിന്റെ മകനായിരുന്നു. ഏപ്രിൽ അവസാനം അദ്ദേഹം മരണപ്പെട്ടു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്തിന്റെ പ്രവേശനമുണ്ടായത് ഇദ്ദേഹത്തിന്റെ പിതാമഹൻ റാണാ അല്ലാഹ് ദീൻ റാണ സാഹിബുമുഖേനയാണ്. ഇദ്ദേഹം 1931-ൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ കൈയിലാണ് ബയ്അത്ത് ചെയ്തത്. ബയ്അത്തിനുശേഷം അദ്ദേഹത്തിന് അതികഠിനമായ പരീക്ഷണമുണ്ടായി. ഈ എതിർപ്പുകാരണത്താൽ മറ്റുള്ള ചില ബന്ധുക്കൾ മുർത്തദ്ദായിപ്പോയി. പക്ഷേ, ഇദ്ദേഹം അഹ് മദിയ്യത്തിൽ ഉറച്ചുനിന്നു. തബ്ലീഗ് ചെയ്തുകൊണ്ടുമിരുന്നു. റാണാ സഫ്റുല്ലാഹ് സാഹിബ് 1987-ൽ ജാമിഅ പാസ്സായി. അതിനുശേ,ം തുടർച്ചയായി 36 വർഷംവരെ അദ്ദേഹത്തിന് സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. അദ്ദേഹത്തിന്റെ സേവനത്തിന്റെ അധിക സമയവും പ്രവർത്തന രംഗത്ത് വിവിധ പ്രദേശങ്ങളിലായിരുന്നു.

സയ്യിദ് നിഅ്മത്തുല്ലാഹ് സാഹിബ് അഫ്ഗാനീ, അദ്ദേഹം ഇപ്പോൾ ഘാനയിൽ മുബല്ലിഗാണ് പറയുന്നു, പെശാവറിലെ ഉച്ചയ്നീപായാനിലാണ് ഞങ്ങൾ അഫ്ഗാനിസ്ഥാനിൽനിന്ന് ഹിജ്റത്തു ചെയ്ത വന്നത്. അവിടെ ഈ മുറബ്ബി സാഹിബ് കരയുകയായിരുന്നു. 1999-2000 ലെ കാര്യമാണ്. അങ്ങേയറ്റം സാധാരണക്കാരനും വിനയനും ദർവേശുമായിരുന്നു. കഠിനാധ്വാനിയും സ്നേഹസമ്പന്നനും ആത്മാർഥനുമായിരുന്നു. അഫ്ഗാനിസ്ഥാന്റെ ജമാഅത്തിനുമേൽ മുറബ്ബി സാഹിബിന്റെ വളരെ വലിയ ഔദാര്യമുണ്ട്. പറയുന്നു, ഞങ്ങൾ മൂന്നു അഫ്ഗാൻ മുറബ്ബിമാരെ അല്ലാഹു ഇദ്ദേഹം കാരണത്താലാണ് മുറബ്ബിമാരാക്കിയത്.

പാവപ്പെട്ടവരോടു വളരെ സഹതാപമായിരുന്നു. ആരുമറിയാതെ അവരെ സഹായിച്ചിരുന്നു. ഇദ്ദേഹത്തിന്റെ ഭാര്യ പറയുന്നു:മരണവാർത്ത അറിഞ്ഞ് സ്ത്രീകളും പുരുഷന്മാരുമടങ്ങുന്ന ധാരാളമാളുകൾ ദുഃഖത്തിൽ പങ്കെടുക്കാൻ വീട്ടിലെത്തിയിരുന്നു. അവരെ ഞങ്ങളിലാരും അറിയുകയില്ലായിരുന്നു. അവർ പറഞ്ഞത് മുറബ്ബി സാഹിബ് തങ്ങൾക്ക് തങ്ങളുടെ ചെലവു തരുമായിരുന്നുവെന്നാണ്. തന്റെ ബന്ധുക്കളോടും സാമ്പത്തികശേഷിയുള്ള സാഹിബുമാരോടും വാങ്ങിയാണ് ഈ പാവപ്പെട്ടവരെ സഹായിച്ചിരുന്നത്. ഇദ്ദേഹത്തിന്റെ മരണശേഷം തങ്ങളുടെ അവസ്ഥ എന്തായിരിക്കും? ഇദ്ദേഹത്തിന്റെ മകളുടെ ഭർത്താവ് ജമാഅത്തിന്റെ മുറബ്ബിയാണ്. അദ്ദേഹം പറയുന്നു, ഞാൻ റാണാ മുഹമ്മദു സഫ്റുല്ലാഹ് ഖാൻ സാഹിബിനെപോലുള്ള നിസ്വാർഥരായവരെ വളരെ കുറച്ചേ കണ്ടിട്ടുള്ളു. അദ്ദേഹം പറയുന്നു: ഞാൻ ഒരു തരത്തിലുള്ള പൊങ്ങച്ചവും അഹങ്കാരവും അദ്ദേഹത്തിൽ കണ്ടിട്ടില്ല. മാപ്പുകൊടുക്കുന്നതിൽ മുൻകടന്നവരിൽപ്പെട്ടയാളായിരുന്നു. ഇതരൻ തെറ്റുകാരനാണെങ്കിലും ആദ്യമെ മാപ്പുകൊടുക്കുമായിരുന്നു. ധാരാളം സ്നേഹിക്കുന്നയാളും എപ്പോഴും മറ്റുള്ളവർക്ക് പ്രയോജനപ്പെടുന്നയാളും ആയിരുന്നു. സന്തപ്ത കുടുംബത്തിൽ മാതാവിനും ഭാര്യയ്ക്കും പുറമെ മൂന്നു പെൺമക്കളുമുണ്ട്. അല്ലാഹു പരേ

## • കലാമുൽ ഇമാം: •

**ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല.(മൽഫൂദാത്ത് വാല്യം.1 പേ.64)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## • കലാമുൽ ഇമാം: •

**നബി(സ)തിരുമേനിയോടുള്ള സ്നേഹം വർദ്ധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്ക്കാരത്തിലും സ്വലാത്തു ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ(മൽഫൂദാത്ത് വാല്യം.3. പേ.38)**

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 20 July 2023 Issue-29

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

തന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. പാപപൊറുതിയോടും കാരുണ്യത്തോടും പെരുമാറട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും പിതാവിന്റെ നന്മകൾ മുന്നോട്ടു കൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ

••••

(പേജ് 1ൽനിന്ന്)

പറയുന്നത്. ആദ്യത്തെ വാക്യത്തിൽ മൊത്തമായ നിലയിൽ തൗഹീദ് അഥവാ ഏകദൈവവിശ്വാസം പ്രകടിപ്പിക്കുന്നുവെന്ന സൂചനയാണുള്ളത്. തുസബ്ബിഹു ലഹുസ്സമാവാത്തു സ്സബ്ഉ വൽഅർളുവമൻഫീഹിന്ന എന്നതിലും ഒറ്റയൊറ്റയായി തൗഹീദിനെ കുറിച്ച് പറയുകയാണ് ഉദ്ദേശ്യമെങ്കിൽ ശേഷം ഈ വാക്യം വരികയില്ല. അതുകൊണ്ട് ഈ വാക്യത്തിന്റെ വീണ്ടുമുള്ള വിവരണം വിളിച്ചോതുന്നത് ആദ്യത്തെ വാക്യത്തിൽ ലോകത്തുള്ള സകലമാന വസ്തുക്കളും മൊത്തമായ നിലയിൽ തൗഹീദ് സ്ഥാപിക്കുന്നുവെന്ന് വെളിപ്പെടുത്തുന്നുവെന്നാണ്. രണ്ടാമത്തെ വാക്യത്തിൽ ലോകത്തിലെ എല്ലാ ഓരോ വസ്തുവും വെവ്വേറെ തൗഹീദിനുള്ള തെളിവ് നല്കുന്നുണ്ടെന്ന് പറയപ്പെട്ടിരിക്കുന്നു. ലോകത്തിലെ വസ്തുക്കളെ നോക്കുക. ഒന്നുമറ്റൊന്നുമായി എങ്ങനെയാണ് ബന്ധപ്പെട്ടിരിക്കുന്നത്. ചില വസ്തുക്കൾ പരസ്പരം ആയിരക്കണക്കിന് ലക്ഷക്കണക്കിന് കോടിക്കണക്കിന് മൈൽ ദൂരത്തായിരിക്കുമുണ്ടാകുക. പക്ഷേ, എല്ലാത്തിന്റേയും അസ്തിത്വം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. എല്ലാം പരസ്പരം ഒരു വ്യവസ്ഥിതിയിൽ കോർത്തിണക്കപ്പെട്ടിട്ടുള്ളതാണ്. അവയുടെ ഒരൊറ്റ നിയമവുമായി ബന്ധപ്പെട്ടിരിക്കുന്ന അവസ്ഥ പ്രകടിപ്പിക്കുന്നത് ലോകത്ത് മറ്റൊരു നിയമവുമില്ലെന്നാണ്. ഉണ്ടായിരുന്നെങ്കിൽ തീർച്ചയായും വിള്ളലുകളുണ്ടാകുമായിരുന്നു. മറ്റൊരു നിയമംതന്നെ ഇല്ലെന്ന് വരുമ്പോൾ നിയമനിർമാണം ചെയ്യുന്ന മറ്റൊരു അസ്തിത്വം എങ്ങനെയുണ്ടാകാനാണ്.

ലോകത്തെ എല്ലാ വസ്തുക്കളും ഒറ്റയൊറ്റയ്ക്കും തസ്ബീഹ് ചെയ്യുന്നു. ഇപ്രകാരം തന്നെ എല്ലാ വസ്തുവിലും അല്ലാഹുവിന്റെ സ്വിഫത്തുകളുടെ മിന്നലാട്ടമുണ്ട്. അല്ലാഹുവിന്റെ മറച്ചുവെക്കൽ, പൊറുത്തു കൊടുക്കൽ, സൃഷ്ടിപ്പ്, ഉടമസ്ഥൻ, തുടങ്ങിയ എല്ലാ സവിശേഷ ഗുണങ്ങളും എല്ലാ ഓരോ വസ്തുക്കളിലും കാണുന്നു. ലോകത്തെ ഏതു അണുവിനെ എടുത്താലും ഈ സവിശേഷഗുണങ്ങളും അതിൽ പ്രവർക്കുന്നത് കാണാം. അങ്ങനെ സകലമാന വസ്തുക്കളും ഏകനായ ദൈവത്തിന്റെ സവിശേഷ ഗുണങ്ങളെ പ്രകടിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ അവയെ മറ്റൊരു ദൈവത്തിലേക്ക് എങ്ങനെയാണ് ബന്ധിപ്പിച്ചു പറയാൻ കഴിയുക.

വലാക്കിൻല്ലാ തഫ്ഖഹൂന തസ്ബീഹഹും എന്നതിൽനിന്ന് ചിലയാളുകൾ 'അവരുടേത് വെവ്വേറെ സംസാരുങ്ങളാണ് അത് മനസ്സിലാകുകയില്ല' എന്ന ഉദ്ദേശ്യമാണ് എടുക്കുന്നത്. എല്ലാ വസ്തുവിനും വെവ്വേറെ സംസാരമാകുകയും നമുക്കത് മനസ്സിലാക്കാൻ സാധിക്കാതെ വരിക്കുകയുമാണെങ്കിൽ നമുക്കിതെന്ത് തെളിവാകാനാണ്. നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ് തെളിവാകുക. അതുകൊണ്ടിവിടെ വിവിധ തഫ്ഖഹൂന എന്നതുകൊണ്ട് വിവിധ വസ്തുക്കളുടെ സംസാരമാണെന്ന് മനസ്സിലാക്കുക എന്നതല്ല. പ്രത്യുത പറഞ്ഞിട്ടുള്ളത് അവർ തസ്ബീഹ് ചെയ്തുകൊണ്ടിരിക്കുന്നത് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുകയില്ലെന്നാണ്. ഇന്നഹൂ കാന ഹലീമൻ ഗഫൂറൻ അവൻ ഹലീമും ഗഫൂറുമാണ്. ഇതു സൂചിപ്പിക്കുന്നത് അതിന്റെ അറിവു കാരണത്താൽ, നിങ്ങൾ അത് പ്രയോജനപ്പെടുത്തുന്നതിനുപകരം ദ്രോഹങ്ങളിൽ അതിക്രമിക്കുകയാണ്. അത്തരം വ്യവസ്ഥിതിയും തെളിവുകളുമുണ്ടായിട്ടും നിങ്ങൾ അതിൽനിന്നുള്ള ഫലമെടുക്കാതെ പ്രത്യുത ദ്രോഹങ്ങളിൽ അതിക്രമിക്കുന്നതും ക്ഷണത്തിൽ പിടിക്കാതിരിക്കുന്നതും അല്ലാഹുവിന്റെ അറിവുകൊണ്ടുതന്നെയാണെന്ന് നിങ്ങൾ കരുതുന്നില്ലേ. അതിനാൽമാന്യതയുടെ വികാരം പ്രകടിപ്പിക്കുകയും അല്ലാഹുവിന്റെ ആ അറിനെ ബഹുമാനിക്കുകയും ചെയ്യുക. (തഫ്സീർ കബീർ, വാള്യം 4, പേജ് 343, പ്രസാധനം 2010 ഖാദിയാൻ)

---

## നമസ്കാരം രഹസ്യമായും അനുഷ്ഠിക്കുക

### ഹദ്റത്ത് മസീഹ് മൗഊദ്(അ)

തദ്കിറത്തുൽ ഔലിയ എന്ന ഗ്രന്ഥത്തിലൊരു സംഭവം വിവരിക്കുന്നുണ്ട്. ജനങ്ങൾ തന്നെ വലിയ വിശ്വസ്തനായി കാണണമെന്നും താൻ വലിയ നമസ്കാരക്കാരനും നോമ്പുകാരനും പരിശുദ്ധനുമാണെന്ന് അവർ പറയണമെന്നും ഒരാൾ ആഗ്രഹിച്ചിരുന്നു. ആ ഉദ്ദേശ്യം കാരണം അയാൾ ജനങ്ങൾ കാൺകെയായിരുന്നു നമസ്കാരവും മറ്റു സത്പ്രവൃത്തികളും നിർവ്വഹിച്ചിരുന്നത്. എന്നാൽ അയാൾ പോകുന്ന ഇടനാഴിയിലൂടെയെല്ലാം 'നോക്കൂ, ഇയാൾ വലിയ കപടനാണ്. നല്ലവനെന്ന് ജനങ്ങളിൽ പേരെടുക്കണമെന്നാണ് ഇയാൾ ആഗ്രഹിക്കുന്നത് ' എന്ന് ആളുകൾ അയാളോട് പറയുമായിരുന്നു. ഒടുവിൽ അയാൾ മനസ്സിൽ ചിന്തിച്ചു: ' ഞാൻ സ്വന്തം പര്യവസാനം എന്തിനു നശിപ്പിക്കണം? എന്നാണ് മരിക്കുകയെന്ന് പടച്ചോനറിയാം! ഞാൻ എന്തിനാണ് ഈ ശാപത്തെ എനിക്കായി ഒരുക്കി വെയ്ക്കുന്നത്? ഞാൻ ഒരിക്കൽ പോലും പടച്ചോനു വേണ്ടി നമസ്കരിച്ചിട്ടില്ല.' അയാൾ ശുദ്ധ മനസ്സോടെ സത്യസന്ധതയോടും സത്യഹൃദയത്തോടും കൂടി തൗബ ചെയ്തു.അന്നു തൊട്ട്, ഇനി താൻ സത്കർമ്മങ്ങളത്രയും ജനങ്ങൾ അറിയാതെ രഹസ്യമായി നിർവഹിക്കുന്നതായിരിക്കുമെന്നും ആരും കാണുന്ന തരത്തിൽ ഒന്നും ചെയ്യില്ലെന്നും അയാൾ നിശ്ചയിച്ചു. അയാൾ അങ്ങനെ പ്രവർത്തിക്കാൻ തുടങ്ങി. പരിശുദ്ധ മാറ്റം അയാളിൽ നിറഞ്ഞു നിന്നു.അതു വാക്കുകളിൽ മാത്രം ഒതുങ്ങാതെയായി. തുടർന്ന് പുറമേയ്ക്ക് അയാൾ തന്നെപ്പറ്റി നമസ്കാരനോമ്പാദികൾ ഉപേക്ഷിക്കുന്നവനും വൃത്തികെട്ടവനും മോശക്കാരനുമായി അവതരിപ്പിച്ചുവെങ്കിലും ഉള്ളിൽ രഹസ്യമായ നിലയിൽ സത്കർമങ്ങൾ അനുഷ്ഠിച്ചിരുന്നു എന്നാണ് എഴുതിയിരിക്കുന്നത്. അതോടെ, അയാൾ പോകുന്നിടത്തെല്ലാം ആളുകളും കുട്ടികളും പറയാൻ തുടങ്ങി: 'നോക്കൂ, പരമ പരിശുദ്ധനും സത്യാത്മവുമായ വ്യക്തി ഇതാ കടന്നു പോകുന്നു. ഇദ്ദേഹം ദൈവത്തിനു പ്രിയങ്കരനും അവന്റെ ഇഷ്ടദാസനുമാണ്.'

സ്വീകാര്യത വസ്തവത്തിൽ സ്വർഗലോകത്തു നിന്നാണ് ഇറങ്ങുന്നത് എന്നാണ് പറഞ്ഞു വന്നതിന്റെ താത്പര്യം. ഇതു തന്നെയാണ് ഔലിയാക്കളുടെയും സത്യാത്മാക്കളുടെയും അവസ്ഥ. അവർ സ്വന്തം കർമങ്ങളെ രഹസ്യമാക്കി വെയ്ക്കുകയും തങ്ങളുടെ സത്യസന്ധതയെയും പരിശുദ്ധിയെയും വെളിപ്പെടുത്തുന്നത് ദൂഷ്യമായി മനസ്സിലാക്കുകയും ചെയ്യുന്നവരാണ്. എങ്കിലും ശരീഅത്ത് അനുവദിച്ചിട്ടുള്ള ചില അനിവാര്യ കാര്യങ്ങൾക്കോ മറ്റുള്ളവർക്ക് പാഠമെന്ന നിലയ്ക്കോ അത് പരസ്യമാക്കുകയും ചെയ്യാറുണ്ട്.

(മൽഫൂദാത്ത് വാള്യം.5 പേജ് 249)

ആരിഫ് മുഹമ്മദ് ശാഹിദ്, കോഴിക്കോട്

••••

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin